# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 5 ലക്കം 4 പേജുകൾ 47 ജൂലൈ 2024



## 18 കവിതകൾ

## മഴയോർമ്മ


ബീന പി ജി
അജേഷ് കടന്നപ്പള്ളി
അശോകൻ സി ജി
സെയ്തലവി വിളയൂർ
ദിവ്യ സി ആർ
ലേഖ കാക്കനാട്ട്
ഷംല ആവള

## കാർട്ടൂൺ കേരളം

ബാലചന്ദ്രൻ എം ആർ



JOS ALUKKAS
A TRADITION OF FINE JEWELLERY
ജോസ് ആലുക്കാസിൽ
FLAT
50%
ഡിസ്കൗണ്ട്
FLAT
50%
DISCOUNT
സ്വർണ്ണാഭരണങ്ങളുടെ
പണിക്കൂലിയിൽ
ഓഫർ പരിമിത കാലത്തേക്ക് മാത്രം
ഈ ഓഫർ 24 CT ബാറുകൾക്കും
22 CT കോയിനുകൾക്കും ലഭ്യമല്ല
Push360
T&C APPLY*
ഡയമണ്ടിന്
20%
ഡിസ്കൗണ്ട്
പ്ലാറ്റിനത്തിന്
7%
ഡിസ്കൗണ്ട്
എക്സ്ചേഞ്ച്
പഴയ സ്വർണ്ണം പുതിയ
HUID
സ്വർണ്ണമാക്കി മാറ്റുമ്പോൾ
ആകർഷകമായ ആനുകൂല്യങ്ങൾ
THRISSUR: Round East.
Ph: 0487-2331812
Shop online at
www.josalukkasonline.com
KERALA | TAMIL NADU | ANDHRA PRADESH | TELANGANA | KARNATAKA | PONDICHERRY





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




മഴയോർമ്മകൾക്ക് പ്രാമുഖ്യം നൽകിയാണ് ഈ ലക്കം പ്രസിദ്ധീകരിക്കുന്നത്. അതോടൊപ്പം മഴക്കവിതകളും കഥകളും ചേർത്തിട്ടുണ്ട്. മഴയനുഭവം ഓരോരുത്തരിലും വ്യത്യസ്തമാകാം. ഒരാൾ അനുഭവം പങ്കുവയ്ക്കുമ്പോൾ, നാം നടക്കാനാഗ്രഹിച്ചതും ഉൾക്കൊള്ളാൻ ശ്രമിച്ച് പരാജയപ്പെട്ടതും നാം കണ്ട സ്വപ്നചിന്തുകളുമൊക്കെ അതിൽ കണ്ടേക്കാം; അങ്ങനെയൊരു അനുഭവവായനയാണ്, ഈ ലക്കത്തിൽ സാധ്യമാകുക.

എഴുത്തിന് പശ്ചാത്തലമൊരുക്കുന്ന സർഗാത്മകതയുടെ നീർത്തുള്ളികൾ, കണക്കറ്റവിധം പെയ്തിറങ്ങുന്ന മഴക്കാലം ശേഷിപ്പിക്കുന്ന ഒരോർമ്മയെങ്കിലും ഏവരിലും ബാക്കികാണും. അവയുടെ വിടർന്ന പീലിക്കണ്ണുകൾ കവിതകളായി, പുതിയ ലക്കത്തിന് അഴകേറ്റുന്നുണ്ട്. നമ്മെ സൗമ്യഭാവങ്ങളുടെ നീർച്ചാലുകളിലേക്കും അവ നയിക്കുന്നു. അതോടൊപ്പം, ചില രൗദ്രചിത്രങ്ങളും പോയകാലം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. സൗമ്യസ്വരൂപിണി, രൗദ്രരൂപം പൂണ്ടലറിയത് അകലെയല്ലല്ലോ.

മഴ സമ്മാനിച്ച ഭിന്നഭാവങ്ങളുടെ ശേഖരമത്രേ, മഷിപ്പച്ചയുടെ മഴപ്പതിപ്പ്. കുരുന്നുകളും ആവേശപൂർവ്വം മാസികയുടെ ബാലപംക്തിയിൽ എഴുതുന്നുണ്ട്. എഴുത്തിനോടൊപ്പം വരകൾക്കും ബാലപംക്തിയിൽ ഇടം ലഭിക്കും. നിശബ്ദതയുടെ താഴ്വരകളെ കുത്തിയുണർത്തുന്ന ചാട്ടുളി പ്രയോഗവുമായി, ബാലചന്ദ്രൻ എം.ആർ. തുടർന്നുവരുന്ന 'കാർട്ടൂൺ കേരളം' പംക്തി ശ്രദ്ധിക്കപ്പെട്ടുകഴിഞ്ഞു.

'മഷിപ്പച്ച'യുടെ ഓരോ ലക്കവും സവിശേഷപതിപ്പുകളായി പ്രസിദ്ധീകരിക്കുന്നതിനാണ് ശ്രമിക്കുന്നത്. ഊന്നൽ നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട രചനകൾക്കാകും പ്രാമുഖ്യം നൽകുക. വിഷയാധിഷ്ഠിത രചനമാത്രം എന്നല്ല ഉദ്ദേശിക്കുന്നത്. നല്ല രചനകൾക്കെല്ലാം മാസികയിൽ ഇടം ലഭിക്കും.

എന്തും എഴുതുന്നതിന് മാസികയുടെ താളുകൾ ലഭിക്കില്ലെന്നും സൂചിപ്പിക്കട്ടെ. പ്രിയ വായനക്കാരും എഴുത്തുകാരും മാസികയുടെ നാളിതുവരെയുള്ള യാത്രക്ക് ഊർജം പകർന്നവരാണ്. ഇനിയുള്ള യാത്രയും ഒന്നിച്ചാകാം.

**-സി.ആർ.രാജൻ,**
എഡിറ്റർ

## കാർട്ടൂൺ കേരളം





എം. ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ


**കഥ**

മോഹൻ പുതുരുത്തി ........... പേജ് 40
ഡോ. സുനീത് മാത്യു............. പേജ് 41
അച്ചു ഹെലൻ ............... പേജ് 43

**മഴയോർമ്മ**

ബീന പി.ജി. ....................... പേജ് 5
അജേഷ് കടന്നപ്പള്ളി............. പേജ് 7
അശോകൻ സി.ജി. ............... പേജ് 8
സെയ്തലവി വിളയൂരർ ......... പേജ് 12
ദിവ്യ സി.ആർ. .................... പേജ് 13
ലേഖ കാക്കനാട്ട്.................. പേജ് 14
ഷംല ആവള ...................... പേജ് 16

**ലേഖനം**

ശ്രീനന്ദിനി സജീവ്................ പേജ് 35

**കാർട്ടൂൺ**

എം.ആർ.ബാലചന്ദ്രൻ ........... പേജ് 4

**കുട്ടികളുടെ മഷിപ്പച്ച** .. പേജ് 44

**കവിത**

നിജി പ്രബീഷ് .................... പേജ് 17
ഡോ. പി.സജീവ്കുമാർ ......... പേജ് 18
പി.ബി.രമാദേവി ................. പേജ് 19
രജനി സുരേന്ദ്രൻ................ പേജ് 20
കൃഷ്ണകുമാർ മാപ്രാണം ...... പേജ് 21
ഉഷ കെ.............................. പേജ് 22
ശഫീഖ് അബ്ദുള്ള .............. പേജ് 23
ഷീജ പള്ളത്ത് ................... പേജ് 24
ഹാജറ കെ.എം. ................ പേജ് 25
രമ പിഷാരടി ..................... പേജ് 26
രാജൻ സി.എച്ച്. ................ പേജ് 27
മനീഷ .............................. പേജ് 28
കയ്യുമ്മു കോട്ടപ്പടി .............. പേജ് 29
രാജലക്ഷ്മി മഠത്തിൽ .......... പേജ് 30
ഡോ. രമ്യാരാജ്.................... പേജ് 31
ഷെജീന ഗുരുവായൂർ ........... പേജ് 32
ശ്രീശുഭ .............................. പേജ് 33
ശ്രീജവാരിയർ .................... പേജ് 34



ബീന.പി.ജി.

മഴയെപ്പോഴും ഓർമ്മപ്പെയ്ത്തുകളാണ്.

വിജയാ ബിൽഡിങ്ങെന്ന വാടക വീടിന്റെ മുറ്റത്തെ കൂറ്റൻ ആൽമരത്തിന്റെ ഇലക്കവിളുകളെ തഴുകിത്തലോടി ചിരി മേളം തീർക്കുന്ന മഴ...

താഴെ കേശവേട്ടന്റെ വണ്ടിക്കാളകളുടെ കുടമണികളിൽ താളം കൊട്ടുന്ന മഴ...

വേനലവധി കഴിഞ്ഞ് സ്ക്കൂളിലേക്കിരമ്പിയെത്തുന്ന കുഞ്ഞുങ്ങളെപ്പോലെ , വേനലിന്റെ ദാരിദ്ര്യം മറന്ന് ഇടവപ്പാതി മുതൽ ആർത്തലച്ചൊഴുകിത്തുടങ്ങുന്ന പുഴയിലെ മഴ....

ചൂട്ടുകുമാരേട്ടന്റെ തുഴക്കോലിനു പിടികൊടുക്കാതെ ഓരോ നേരവും പുഴയ്ക്ക് ഓരോ ഭാവങ്ങൾ നൽകുന്ന മഴ....

ഏതോ സിനിമയിൽ തലക്കു മുകളിൽ എപ്പോഴും മഴ പെയ്യുന്ന കുഞ്ചാക്കോ ബോബന്റെ കഥാപാത്രത്തെപ്പോലെ ഉള്ളിലെപ്പോഴുമുണ്ട് പെയ്തൊഴിയാത്ത മഴയുടെ ഒരാകാശം ....

സ്ക്കൂൾ യാത്രകളിലെ മഴയിൽ പുത്തൻ



# ഓർമ്മകൾ പെയ്യുമ്പോൾ ...

കുടകളുടെ ഓർമ്മകളില്ല. തുറക്കാൻ മടിച്ച,തുള വീണ കുടകളുടെ മഴക്കാലമാണുള്ളത്.. '

ലിറ്റിൽ ഫ്ലവർ സ്കൂളിന്റെ ശാന്തമായ ക്ലാസ് മുറികൾക്കു പുറത്ത് ബദാംമരത്തിന്റെ വിരിഞ്ഞ കുടകളിലും മൊസാണ്ട ച്ചെടികളുടെ വെൽവെറ്റിലകളിലും പെയ്തൊഴിയുന്ന മഴകൾ... നീലങ്കാവ് ബസിന്റെ തിരക്കിൽ തല മാത്രം വെളിയിലേക്കിട്ട് നുകരുന്ന ജാലക മഴകൾ....

പുത്തൻവീട്ടിൽ ഒരു മഴക്കാലം പോലും തികയ്ക്കാതെ മരിച്ചു പോയ അച്ഛൻ തീർത്ത ശൂന്യതയുടെ തീരാമഴകൾ.. ....

പിന്നെ ബാല്യകൗമാരങ്ങളെപ്പൊതിഞ്ഞ അമ്മയുടെ കണ്ണീർമഴകൾ....

ഭാരതപ്പുഴയിലെ തോണിയാത്രകളുടെ ഓർമ്മകൾക്കാണേറെച്ചന്തം.

രാവിലെ തോണിക്കടവിലെ കാത്തുനിൽപ്പിന്റെ ആഘോഷം.പുഴയിലെ വെള്ളത്തിൽ ഇറങ്ങി നടന്നും ആഴമുള്ളിടത്ത് തോണിയിൽ കയറിയിറങ്ങിയും പിന്നെയും നടന്നും ഇടവമിഥുനമാസങ്ങൾ. മിഥുനമാസം കഴിയുമ്പോഴേക്കും പുഴ പൂർണ വളർച്ചയെത്തും.പിന്നെ  ഇരുകരകളും മുട്ടുന്ന തോണിയാത്രയാണ്. അക്കരെ നിന്ന് നടന്നെത്തുന്നവരെ ഒരു കൂക്കലിൽ കൂട്ടിമുട്ടിച്ചും തോണിക്കുള്ളിലേക്ക് കയറാൻ ഒരു കൈത്താങ്ങേകിയും ആളു നിറയും വരെ  കാത്തിരിപ്പ്. തോണിയുടെ രണ്ടറ്റത്തും രണ്ടു തുഴക്കാരുടെ ഹീറോയിസം. ആളു നിറഞ്ഞ തോണിയിൽ അക്കരെയെത്തും വരെ അനങ്ങാതിരിക്കണം. മഴ പെയ്താലും മാനം തന്നെ പൊട്ടിവീണാലും അനങ്ങിക്കൂടാ. അലിഖിതനിയമമാണത്. അതു തെറ്റിക്കുന്നവരെ അടക്കിയിരുത്താൻ ചൂട്ടു കുമാരേട്ടന്റെ തെറിയുടെ ചൂരൽ എത്തും.പിന്നെ നിശബ്ദതയാണ് അക്കരെയെത്തും വരെ. എനിക്കയാളെ ഭയമായിരുന്നു.കുട്ടിക്കൂട്ടങ്ങളുടെ അടക്കിച്ചിരികളിൽ കൂടാൻ പോലും ഭയം. തോണി അയാളുടെ സാമ്രാജ്യമാണ്. ഊർച്ചവാളിന്റെ മൂർച്ചയാണയാളുടെ വാക്കുകൾക്ക് !

പക്ഷെ പുഴയുടെ കുത്തൊഴുക്കുകളെയറിഞ്ഞ് തോണി സുരക്ഷിതമായി അക്കരെയിക്കരെയെത്തിക്കാൻ വല്ലാത്ത മിടുക്കാണയാൾക്ക്. പുഴയ്ക്കു പോലും അയാളെ പേടിയാണെന്നേ.

ഒരിക്കൽ ... ഒരിക്കൽ മാത്രം ഞങ്ങളുടെ കടവത്ത് തോണി മറിഞ്ഞു. ഞാനന്ന് TTC ക്ക് പഠിക്കുകയാണ്. ഒരു വൈകുന്നേരം... പുഴ ഇരുകരകളും മുട്ടി രൗദ്രഭാവത്തിൽ ഒഴുകുന്നു.പതിവുപോലെ ഒരറ്റത്ത് തുഴയുമായി കുമാരേട്ടനുണ്ട്. ഇക്കരെക്ക് തോണിയടുക്കാറായി. കടവിൽ തോണി കാത്ത് നിൽക്കുന്ന ബസിന്റെ ഹോണടി. അക്ഷമരാ യാരൊക്കെയോ തോണിയിൽ തിരക്കുകൂട്ടി.തോണിക്ക് ചെറിയ ചാഞ്ചാട്ടം.ആളുകളുടെ പരിഭ്രമം. അടങ്ങിയിരുന്നിരുന്ന ആളുകളൊക്കെ പെട്ടെന്ന് എഴുന്നേറ്റു. കുമാരേട്ടന്റെ ശബ്ദം ആളുകളുടെ നിലവിളിയിൽ മുങ്ങി.തോണി മറിഞ്ഞു എല്ലാവരും വെള്ളത്തിൽ വീണു. ആകെ ബഹളം. ഭാഗ്യവശാൽ കരയടുക്കാറായതിനാൽ ആർക്കും ആപത്തുണ്ടായില്ല.

നനഞ്ഞു കുതിർന്ന ഞാൻ കരഞ്ഞു തുടങ്ങിയത് കരപറ്റിയ ശേഷമാണ്. ദേഹത്ത് ആകെയുണ്ടായിരുന്ന ആഭരണം ഒരു വാച്ചായിരുന്നു. പത്താം ക്ലാസിലെ ഡിസ്റ്റിങ്ഷന് ചെറ്യമ്മ നൽകിയ സ്റ്റീൽച്ചെയ്നുള്ള ആ വാച്ച് നഷ്ടപ്പെട്ടു പോയിരിക്കുന്നു. ജീവൻ തിരിച്ചു കിട്ടിയ ആശ്വാസം വീട്ടിൽ... പക്ഷെ എന്റെ സങ്കടം തോരാതെ ...

പിറ്റേന്ന് രാവിലെ പുഴയിൽ വെള്ളം കുറവുണ്ട്. തോണി കുറച്ചു കൂടെ നടുവിലാണ് . അപ്പുറവുമിപ്പുവും നടന്ന് കയറണം. അക്കരെയെത്തി തോണിയിറങ്ങി സാരി വാരിപ്പിടിച്ച് പുഴയിലൂടെ നടക്കുമ്പോൾ പിന്നിൽ നിന്നൊരു വിളി. 'ഗംഗാരേട്ടന്റെ കുട്ട്യേ....'

അതു ഞാനല്ലേ?ഞെട്ടിത്തിരിഞ്ഞു നോക്കി .മുണ്ടിന്റെ മടിക്കുത്തിൽ നിന്ന് വാച്ചെടുത്ത് നീട്ടി കുമാരേട്ടൻ.'തോണി മറിഞ്ഞേടത്ത് ഞാനൊന്ന് മുങ്ങീരുന്നു. അപ്പോ കിട്ടീതാ.കുട്ടീടെ യാന്ന് ആരോ പറഞ്ഞു.കരഞ്ഞോണ്ട് തെരഞ്ഞീരുന്നു ന്നും.. ' അലിവിന്റെ ആ മുഖം പിന്നീടൊരു മഴയിലും മാഞ്ഞില്ല.

മായന്നൂർ യാത്രകളിൽ ഇന്ന് തോണിയില്ല, പുഴയില്ല, പുഴക്കടവില്ല, കുമാരേട്ടനില്ല, മഴ പോലുമില്ല...

എങ്കിലും പാലം കടന്നു പോകുമ്പോഴൊക്കെ ഓർമ്മകളുടെ കുത്തിയൊഴുക്കുണ്ട്. തുഴക്കോലിന്റെ നിയന്ത്രണമില്ലാതെ പാഞ്ഞൊഴുകിയ ഒരു പുഴക്കാലത്തിന്റെ ....

# പല മഴയിൽ പലതായി നനഞ്ഞ ഞാൻ

**മഴ** ഓരോകാലത്തും ഓരോ അനുഭവമായിരുന്നു. എത്ര സ്വാഭാവികമായാണ് മഴയുടെ കണ്ണുവെട്ടിച്ച് മഴയിലൂടെ നൂണു നൂണ് വീട്ടിലേക്കും സ്കൂളിലേക്കും യാത്ര തുടർന്നത്!

ബാല്യത്തിന്റെ ബസ്സ് യാത്രയിൽ പെട്ടി സീറ്റിന്റെ മാർദ്ദവമില്ലായ്മയിലിരുന്ന് മഴയുടെ ചരിഞ്ഞനോട്ടങ്ങളെ യാത്രാന്ത്യം വരെ കൗതുകപൂർവ്വം നോക്കിയിരുന്നിട്ടുണ്ട്. പക്ഷേ തന്റെ നോട്ടങ്ങളിലേക്ക് അസ്ത്രങ്ങളെ അനവരതം എയ്തുവിടുന്ന പോരാളിയെപ്പോലെ മഴ ഗ്ലാസുകളിൽ ചെന്ന് തറച്ച് മുനയൊടിഞ്ഞ് വീണ് തകരുന്നത് വില്ലാളിയെപ്പോലെ നോക്കിയിരുന്നിട്ടുണ്ട് പലപ്പോഴും.

മഴയടുക്കുമ്പോൾ വീടുവിട്ട് വയലിലേക്ക് ചാടിയിറങ്ങുന്ന മണവാട്ടിത്തവളകൾ മഴയുടെ വരവ് വിളിച്ചുപറഞ്ഞുകൊണ്ട് ചുറ്റു പാടുകളെ ശബ്ദമാനമാക്കുന്ന സന്ദർഭത്തിൽ, മഴനനഞ്ഞ് ശബ്ദമട ഞ്ഞതിന്റെ വേദന പങ്കിടുംപോലെ പ്രേക്രോം തവളകൾ അതിനെ പ്രതിരോധിക്കാനുള്ള ശ്രമം നടത്തുന്നുണ്ടാവും. മഴവെള്ളം തോടു കളുടെ അതിരുകളെ മറികടന്ന് വയലിലൂടെ നീന്തിവന്ന് പറമ്പതിർത്തി യിൽനിന്ന് വീട്ടിലേക്ക് എത്തിനോക്കുന്ന നിമിഷത്തിൽ അമ്മയുടെ വേവലാതികളും വെള്ളംപോലെ ഉയർന്നുയർന്നു വരുന്നുണ്ടാവും. അപ്പോൾ അതിന് സമാനമായി എന്തെങ്കിലും ഉണ്ടെങ്കിൽ അത് തന്റെ ആഹ്ലാദം മാത്രമായിരിക്കും.

കുല കൊത്തിയെടുത്തുകഴിഞ്ഞ വാഴകളുടെ തടകളെ നീണ്ട മരക്കമ്പുകളിൽ കോർത്തുനിർത്തി കൊച്ചുവള്ളമാക്കി അച്ഛൻ ഒരുക്കിവെക്കുമ്പോൾ അതിലാവും പിന്നെയുള്ള സമയങ്ങളിൽ ആകാംക്ഷകൾ തറച്ചുനിൽക്കുക. അതിരുകളെ മായ്ച്ചുകളഞ്ഞതിലൂടെ നമുക്ക് ലഭ്യമായ അപൂർവ മഴക്കാലപ്പുഴയിലേക്ക് വാഴത്തടവള്ളം ഇറക്കി തുഴഞ്ഞുതുഴഞ്ഞ് മറുകരയിലേക്ക് കുതിക്കും. അതിനിടയിൽ ഒഴുകിവരുന്ന തേങ്ങാക്കുലകളും വാഴക്കുലകളും എത്താവുന്നിട ത്തോളം കൈയെത്തിപ്പിടിക്കും. ചിലപ്പോൾ പരിചയഭാവത്തിലെന്ന പോലെ കൈയിലേക്ക് പാമ്പുകൾ പ്രാണരക്ഷാർത്ഥം കുതിച്ചുകയറും.

വെള്ളമിറങ്ങിക്കഴിയുമ്പോഴുള്ള നിരാശകളെയെല്ലാം മാറ്റിമറിച്ചു കളയുന്നത് , ചെളിക്കണ്ടത്തിൽ അവശേഷിക്കുന്ന മീനുകളുടെ തിള ക്കങ്ങളാണ്. പച്ചയീർക്കിലിൽ കോർത്തെടുത്ത മീനുകളുടെ പിടച്ചിലുകൾ വീട്ടിലെ മൺചട്ടിയിലവസാനിക്കുന്ന നിമിഷത്തിൽ മഴയവസാനിച്ചതിന്റെ നിരാശ മനസ്സിൽ പടരാൻ തുടങ്ങും.

കാലത്തിലൂടെ മഴ പടരുകയാണ്; തുടരുകയാണ്.

മഴ, നിറയെ പെയ്യുകയാണ്. ചേർത്തുപിടിച്ചും അകറ്റി നിർത്തിയും പ്രാകിയൊടുക്കാൻ ശ്രമിച്ചും പലർക്കും പലതായി അനുഭവവേദ്യമാകുന്ന പലമഴ.

മഴ തുടരട്ടെ..നല്ല കൂട്ടുകാരനായോ കൂട്ടുകാരിയായോ തുടരട്ടെ..അല്ലേ..



അജേഷ് കടന്നപ്പള്ളി





# മഴപെയ്ത്തിലെ ധൈര്യക്കൂട്ട്



അശോകൻ സി.ജി

**പു**തുവർഷത്തിലെ കനത്ത ഇടിയും മിന്നലും ശക്തമായമഴയും.. ഈ കൊല്ലം നേരത്തെ തന്നെ കാലവർഷം വന്നെത്തി. അതിന്റെ മുന്നോടിയാ ണെന്ന് തോന്നുന്നു മുൻവർഷങ്ങളില്ലാത്ത കടുത്ത ചൂടായിരുന്നു ഏപ്രിൽ മെയ് മാസങ്ങളിൽ അനുഭവപ്പെട്ടിരുന്നത്. അപൂർവമായി മാത്രം തൃശ്ശൂരിൽ പ്രത്യക്ഷപ്പെടുന്ന കനത്ത ചൂടിൽ ആകെ വെന്തുരുകി പോയ അവസ്ഥയിലായിരുന്നു ജൂൺമാസത്തിന് മുൻപ് തന്നെ മഴ എത്തിയത്..

അത് കാരണം അതിരാവിലെയുള്ള പതിവ് നടത്തം മുടങ്ങി. ഗീത തന്ന ചായയും കുടിച്ച് ഉമ്മറത്ത് പത്രം വായിച്ചിരിക്കുമ്പോൾ പടിക്കൽ കൂടി തങ്കപ്പൻ പോകുന്നു. അവൻ ഗേറ്റിൽ വന്ന് ചോദിച്ചു .

'അശോകേട്ടാ എന്താ ഇന്ന് നടക്കാൻ പോയില്ലേ' ?

'എങ്ങിന്യടാ പൂവ്വാ..ഇന്നലെ തുടങ്ങിയ മഴയല്ലേ.. എന്താ ഒരു കാറ്റ്..'

'ശരിയാ ഞാൻ കടയിൽ പോയതാ..പാലു വാങ്ങാൻ ഇപ്പോ ഒരു തോർച്ച്ണ്ട്..

ദേ മാനം വീണ്ടും കറുത്തിരുണ്ടു വരണണ്ട്. ഇപ്പം നല്ല അലക്കലക്കും..'

തങ്കപ്പൻ പോയി.. പറഞ്ഞതുപോലെ താമസിയാതെ ആർത്തലച്ചു മഴ വന്നു..

ഗീത അകത്തുനിന്ന് വിളിച്ചുപറഞ്ഞു.

'നല്ല കാറ്റുണ്ട്. ഉമ്മർത്തിരിക്കണ്ട .. അകത്തു കയറി ഇരുന്നോ.ശീതക്കാറ്റടിച്ച് ഇനി പനിയും ചുമയും കൊണ്ടരണ്ട. '

ഒരു മഫ്ളർ തൊപ്പി കൊണ്ടുവന്നു തലയിലിട്ട് ഗീത അകത്തേക്ക് കൈപിടിച്ച് വലിച്ചു.

ഗീത പറഞ്ഞെങ്കിലും മുറിയിൽ കയറാതെ തലയിൽ മഫ്ളറും അണിഞ്ഞ് മഴപ്പെയ്ത്തും നോക്കി ഉമ്മറത്തു തന്നെ ഇരുന്നു.

ശക്തമായ കാറ്റിൽ മഴയിരമ്പലിന്റെ ഗതിവേഗം കൂടിക്കൂടി വന്നു.അതോടൊപ്പം തോട്ടിൽ നിറഞ്ഞ് കവിഞ്ഞ് ഒഴുകിയെത്തിയ വെള്ളം നേരെ മുന്നിൽ റോഡിലൂടെ തിങ്ങി നിറഞ്ഞ് പോയിക്കൊണ്ടിരുന്നു.

ഇപ്പോൾ വെള്ളത്തിൽ കൂടി ഒഴുകിവരുന്നത് സകലവിധ പ്ലാസ്റ്റിക് മാലിന്യങ്ങളും ചപ്പുചവറ് കൂമ്പാരങ്ങളും കൂടിയാണ്. കറുത്തിരുണ്ട ലാവാ പ്രവാഹമായാണ് വെള്ളം ഒഴുകിയലച്ച് എത്തുന്നത്.

ആ കാഴ്ച നോക്കിയിരുന്നപ്പോൾ ഓർമ്മകൾ വർഷങ്ങൾക്ക പ്പുറമുള്ള ഒരു കാലവർഷക്കാലത്തിലേക്ക് ചിറകടിച്ചു പറന്നു പോയി.ഡിഗ്രി കഴിഞ്ഞ് അഭ്യസ്തവിദ്യനും തൊഴിൽരഹിതനുമായി നടക്കുന്ന സമയം.നാട്ടിലെ എല്ലാ വിഷയങ്ങളിലും കേറി

ഇടപെടും. അതിനുള്ള കൂട്ടുകാരും ഉണ്ട്.കാലവർഷത്തിൽ തോട്ടിൽ വലകുത്തി മീൻ പിടുത്തവും, വേനൽക്കാലത്ത് ചുറ്റുപാടുമുള്ള കുളങ്ങളിൽ വലയെറിഞ്ഞുള്ള മീൻ പിടുത്തവും വലിയ ഹോബിയായിരുന്നു.

അച്ഛനാണെങ്കിൽ ഒരു വിധത്തിലും മീൻ പിടുത്തത്തിന് സമ്മതിക്കില്ല.രാത്രി മഴയത്ത് ഇറങ്ങി മീൻ പിടിക്കാൻ പോകണ്ട., നിനക്ക് ആവശ്യമുള്ള മീൻ ഇവിടെ വീട്ടിൽ വാങ്ങിച്ചു തരാം എന്നാണ് അച്ഛന്റെ കണ്ടീഷൻ.എങ്കിലും കാലവർഷക്കാലത്ത് സമയം കിട്ടുമ്പോഴൊക്കെ രാത്രി തോട്ടുവരമ്പിലൊരു വടിവലയുമായി കറങ്ങി നടക്കും.കൂട്ടിന് ഗഡികളായ കറപ്പനും,കാട്ടയ്യപ്പനും ഉണ്ടാകും.

ഒരു ദിവസം വൈകിട്ട് അച്ഛൻ നേരത്തെ കാളവണ്ടിയുമായി എത്തി.അച്ഛന് വണ്ടി പണിയായിരുന്നു.മഴക്കാലമായതു കൊണ്ടാണ് നേരത്തെ എത്തിയത്.വന്ന് കേറിയ ഉടനെ എന്നോട് ..

'നീ തൊമ്മന്റെ കടേല് പോയി വേഗം കന്നാലികൾക്കുള്ള ചരക്ക് വാങ്ങിച്ചോ.നിപ്പഴാ മഴ ആർത്തുവിളിച്ചു വരാന്നറിയില്ല .'

ഞാൻ സഞ്ചിയും എടുത്ത് സെന്ററിലേക്ക് ഇറങ്ങി.സാധനങ്ങൾ വാങ്ങി പുറത്തിറങ്ങുമ്പോഴേക്കും ആർത്തു പിടിച്ചു വരുന്ന മഴയുടെ ഇരമ്പം കേട്ടു.പൊടുന്നനെ

എവിടുന്നോ വന്നതെന്ന് അറിയില്ല കനത്ത മഴ..നല്ല ഇടിവെട്ടും മിന്നലും..ഒരു അരമണിക്കൂർ നേരം നിർത്താതെ പെയ്ത മഴയിൽ കാനകൾ വെള്ളത്തിലായി.കുടയെടുത്തിട്ടുണ്ടായിരുന്നില്ല.മഴ ഒട്ടു ശമിച്ചപ്പോൾ റോഡിലേക്ക് ഇറങ്ങി. അന്നേരമാണ് കേരള കേഫിൽ നിന്ന് ഇറങ്ങിവരുന്ന കറപ്പനെ കണ്ടത്.എന്നെ കണ്ടതും കറപ്പൻ..

'ഡാ.. എന്തൊരു മഴയാ ഇത്.ചാലുകളിൽ വെള്ളം കലങ്ങിമറിഞ്ഞാ വരുന്നത്..ഇപ്പൊ നമ്മുടെ മച്ചിപ്പാടത്തെ തോട്ടിൽ നല്ല ഒഴുക്കായിരിക്കും.

നമുക്ക് നമ്മുടെ കൈവല കൊണ്ടു ഒന്ന് പോയാലോ...'

'ആ.. ഞാൻ റെഡിയാ.. രാത്രി പത്തുമണി ആവുമ്പോ നീ പതുക്കെ എന്റെ ജനലിൽ മുട്ടി വിളിച്ചാൽ മതി. അച്ഛനറിയണ്ട മ്പടെ കാട്ടയ്യപ്പനെ ഒന്ന് തപ്പി നോക്ക് നോക്ക്..പുള്ളികൂടി ഉണ്ടെങ്കിൽ ഒന്ന് കൈമാറി പിടിക്കാം..'

'ആ.. ഞാൻ നോക്കട്ടെ . അവൻ മ്പടെ രാമുട്ട്യാ പ്പന്റെ കടയിൽ കാണും.

ശരി നീ വിട്ടോ..'

കറപ്പൻ വേഗം തന്നെ കാട്ടയ്യപ്പനെ തപ്പി പോയി..മഴ തോർന്നു..ആ ഗ്യാപ്പിൽ ഞാൻ പോരാൻ ഒരുങ്ങായിരുന്നു..

അപ്പോഴാണ് ദാസൻ മാഷെ കണ്ടത്..മാഷ് തൊമ്മന്റെ കടയിലേക്ക് എന്തോ വാങ്ങാൻ വന്നതാണ്.

'എന്താ അശോകാ ഇത്ര വൈകീട്ട് ..'

'നേരത്തെ വന്നതാ ..മാഷേ..

മാഷ് കണ്ടില്ലേ, അതിനുശേഷം ഗംഭീര മഴ .. ഇനിയിപ്പോ വീട്ടിൽ പോകാൻ നിക്കാണ്.'

'നിങ്ങൾ ഇന്ന് പാടത്ത് വലയും കൊണ്ടുപോകുന്നുണ്ടോ' ?

പോണംന്ന് വിചാരിക്കുന്നുണ്ട് മാഷേ.. പക്ഷേ അച്ഛനറിഞ്ഞാൽ പ്രശ്നമാ...രാത്രി 10 മണിക്ക് ശേഷം വലയും കൊണ്ട് വരാൻ കറപ്പനോട് പറഞ്ഞിട്ടുണ്ട്. കൂടെ കാട്ടയ്യപ്പനേം വിളിക്കണം.

ഇന്ന് പോയ ഉറപ്പാ രണ്ടു കൂട മീൻ എന്തായാലും കിട്ടും..'

'എന്നാൽ നിങ്ങൾ പോകുമ്പോൾ എന്നെ വിളിക്കുമോ ? എന്റെ സ്റ്റഡി സെന്ററിന്റെ പഠിക്കൽ ഞാൻ ഉണ്ടാവും '

ഞാൻ ശരിക്കും ഞെട്ടി .എന്താ ഈ പറയുന്നത് സൗമ്യനായ , മൃദുഭാഷിയായ,ചെറിയ മിന്നലോ ഇടിവെട്ടോ കാണുമ്പോൾ വാതിൽ അടച്ചിരിക്കുന്ന അത്രയും പേടിതൊണ്ടനായ മാഷ് ഈ കൊടും മഴയത്ത് ഞങ്ങടെ കൂടെ തോട്ടിൽ വലകുത്താൻ വരികയോ ?

'എന്താ മാഷേ മഴക്കാലത്ത് ഇങ്ങനെ ഒരു പൂതി..രാത്രി കനത്ത മഴപെയ്യും ട്ടാ.. പാടം മുഴുവൻ കനത്ത വെള്ളക്കെട്ടാവും.ഞങ്ങൾക്ക് നല്ല എക്സ്പീരിയൻസാ.. മാഷെന്തിനാ വെറുതെ..?'

'ഞാനുണ്ടെടാ..നീ കറപ്പനോട് പറയ്.

രാത്രി നിങ്ങൾ വരുമ്പോൾ ഞാൻ പടിക്കലുണ്ടാവും മറക്കണ്ട.'

പിന്നെ ഞാൻ ഒന്നും പറയാൻ പോയില്ല.ദാസൻ മാഷ്ടെ സ്റ്റഡി സെൻറർ അക്കാലത്ത് കോളങ്ങാട്ടുകരയിൽ പ്രസിദ്ധമായിരുന്നു. വരടിയം, ചൂലിശ്ശേരി,കൊട്ടേക്കാട് പ്രദേശങ്ങളിൽ നിന്നും ധാരാളം കുട്ടികൾ മാസ്റ്ററുടെ സ്റ്റഡി സെൻററിലേക്ക് ഒഴുകിയെത്തിയിരുന്നു.

ഇംഗ്ലീഷും കണക്കും ഒന്നും അറിയാ

ത്തവർ പോലും ഇവിടെ ട്യൂഷന് വന്നാൽ ഫസ്റ്റ്ക്ലാസ് വാങ്ങിച്ചിരിക്കും എന്നത് ഒരു യാഥാർത്ഥ്യമായിരുന്നു

(ഇന്നത്തെ പോലെ എല്ലാവർക്കും അന്ന് ഫുൾ എ പ്ലസ് കിട്ടിയിരുന്നില്ലല്ലോ) ദാസൻ മാഷെ എല്ലാവർക്കും കാര്യമായിരുന്നു. പി ജി ബിരുദധാരി, സ്നേഹ സമ്പന്നനും സുന്ദരനുമായ, എല്ലാവരോടും സൗമ്യതയോടു കൂടി പെരുമാറിയിരുന്ന വ്യക്തിത്വം. അദ്ദേഹത്തിന്റെ ഭാര്യയും അവിടെ അധ്യാപിക ആയിരുന്നു.മാഷ് ചോദിച്ചാൽ നോ എന്ന് പറയാൻ കഴിയില്ല. സമ്മതം മൂളി ഞാൻ പോന്നു.

ഞാൻ വീട്ടിലെത്തി.

വൈകിട്ട് ഭക്ഷണം കഴിഞ്ഞു പുറത്തെ എന്റെ മുറിയിൽ കിടന്നു. 10 മണി കഴിഞ്ഞപ്പോൾ അച്ഛനും അമ്മയും വീട്ടിലെ മറ്റെല്ലാവരും ഉറക്കമായി..

മഴ ചന്ന പിന്നം പെയ്യുന്നുണ്ടായിരുന്നു.

ജനലിൽ കറപ്പന്റെ തട്ടു കേൾക്കാൻ ഞാൻ കാത്തിരുന്നു..

രാത്രിയുടെ ഇരുണ്ട യാമത്തിലെപ്പോഴോ ജനലിൽ മുട്ടു കേട്ടു. കറപ്പനാണ്..

ശബ്ദം ഉണ്ടാക്കാതെ ഞാൻ കതകു തുറന്നു.

ചവിട്ടുപടി ഇറങ്ങി മുറ്റത്ത് എത്തിയപ്പോൾ തോളിൽ ചുരുട്ടിയ വടിവലയും കയ്യിൽ മീൻകൂടയുമായി കറപ്പൻ..

'കാട്ട എവിടെടാ.. നീ അവനോട് പറഞ്ഞില്ലേ..?'

'ഉവ്വ അവൻ കേരളയുടെ മുന്നിലെ റോഡിൽ കാത്തു നില്ക്കാന്നാ പറഞ്ഞത് ..ഒരു കൂടയും കൂടി കൈ പിടിക്കാൻ പറഞ്ഞിട്ടുണ്ട്...'

കേരളയുടെ മുന്നിലെ റോഡിലേക്കുള്ള യാത്രയിലാണ് ഞാൻ കറപ്പനോട് ദാസൻ മാഷ് വരുന്ന കാര്യം പറഞ്ഞത്.

'നീയെന്താ അശോകാ ഈ പറേണത് ..ആ പേടിത്തൊണ്ടൻ മാഷ് നമ്മുടെ കൂടെ എന്തിനാ വരണത് ?

ഇത് പ്രശ്നാവൂട്ടാ....

നല്ല രണ്ടു ഇടിവെട്ടിയാ മതി മാഷ് പേടിച്ച് പാടത്ത് കുഴഞ്ഞ് വീഴും.പിന്നെ നമ്മളതിനെ കോരിയെടുത്തു കൊണ്ടുവരേണ്ടി വരും.

പുള്ളിയ്ക്ക് ചുളിവില് മീൻ കിട്ടാനുള്ള കൊതി കൊണ്ടാകും..'

'മാഷ് അങ്ങനെയുള്ള ആളല്ല കറപ്പാ..എന്തായാലും ഞാൻ സമ്മതിച്ചു..'

കറപ്പൻ പിന്നീട് ഒന്നും പറഞ്ഞില്ല.

കാട്ടയ്യപ്പൻ കേരളയുടെ മുന്നിൽ മറ്റൊരു കൂടയുമായി ഞങ്ങളെ കാത്തുനിൽപ്പുണ്ടായി യിരുന്നു.ചുണ്ടിലെരിയുന്ന ബീഡി വെളിച്ചത്തിൽ അവന്റെ കൊമ്പൻ മീശ എടുത്തു കാണാം.

അവനോടും പറഞ്ഞു .

'ഡാ നമുക്കൊരു കൂട്ടുണ്ട്

നീയൊന്നും എതിര് പറയണ്ട.. നമ്മടെ ദാസ് മാഷ് ..പുള്ളി സ്റ്റഡി സെൻട്രറിന്റെ മുന്നിലുണ്ടാവും..ശരി വാ'

'ഓരോരോ കുരിശുകളേ..'

കാട്ട പിറുപിറുത്ത് ഞങ്ങളുടെ കൂടെ കൂടി..

കേരളയുടെ തിരിവിൽ മച്ചിപ്പാടത്തേക്കുള്ള വഴിയിൽ അകലേ നിന്നേ ദാസ്മാഷെ കണ്ടു..സ്റ്റഡി സെന്ററിൽ നിന്ന് ഇറങ്ങി ടോർച്ച് മിന്നിച്ചുകൊണ്ട് ഞങ്ങളെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്നു. ഞങ്ങൾ നോക്കുമ്പോൾ കാലൻ കുടകൂടി തലയിൽ മഫ്ളർ കെട്ടി കാലിൽ ഷൂസണിഞ്ഞ് ഏതോ വിരുന്നിനു പോകാനുള്ള തയ്യാറെടുപ്പ് പോലെയാണ് മാഷ് നിൽക്കുന്നത്. ഞങ്ങൾക്കാകട്ടെ കുടയോ,ചെരിപ്പോ, എന്തിന് ടോർച്ച് പോലും ഉണ്ടായിരുന്നില്ല .

'എന്താ അശോക പൂവല്ലേ..'

'അതെ നടന്നോളൂ മാഷേ'

ഞങ്ങൾ നാൽവർ സംഘം മച്ചിപ്പാടത്തേക്കുള്ള വഴിയിലൂടെ നടന്നു. ചൂലിശ്ശേരി സ്കൂളിന്റെ ഇറക്കം കഴിഞ്ഞപ്പോൾ തന്നെ പാടത്തു നിന്നും ശബ്ദങ്ങൾ കേട്ടു തുടങ്ങി. ഇന്ന് അമിത രാസവള- കീടനാശിനി പ്രയോഗം മൂലം വയലുകളിൽ ഞണ്ട്, ഞൗഞ്ഞി,തവള, മത്സ്യങ്ങൾ ഒന്നും തന്നെ ബാക്കിയില്ല.

അന്നത്തെ കാലത്ത് പാടം നിറച്ച് ജീവികളാണ്.. ഞങ്ങളെ എതിരേറ്റത് തവളകളുടെയും ചീവീടിന്റെയും നാദസ്വരമേളങ്ങളായിരുന്നു. മഴ നിന്നു. ഇളം നിലാവ് എങ്ങും പരന്നൊഴുകി. പാടത്തേക്ക് ഇറങ്ങുമ്പോൾ തന്നെ കറപ്പൻ പറഞ്ഞു.

'നല്ല കലക്ക വെള്ളാ. ദേ ബ്രാലുകൾ വെള്ളത്തിൽ പൊളഞ്ഞു നടക്കണ്ണ്ണ്ട്. ശബ്ദം കേട്ടാൽ അറിയാം..

മുശുവും മുണ്ടത്തിയും ഉണ്ടാവും. ഇന്ന് നമുക്ക് നല്ല കോളാ...

പാടത്തു കൂടി അധികം പോകേണ്ടി വ

ന്നില്ല. ആദ്യത്തെ കൈത്തോടിനടുത്ത് എത്തിയപ്പോൾ കാട്ടയ്യപ്പൻ പറഞ്ഞു..

'നമുക്ക് ഇവിടെ വലകുത്താം.അടിക്കുളത്തിലെയും മാതംകുളത്തിലെയും വെള്ളം കവിഞ്ഞ് ഈ തോട്ടിലൂടെയാണ് വരിക. അതിലെ മീനുകൾ ഒക്കെ പുതു വെള്ളത്തിലൂടെ ഇപ്പോൾ പുറത്തേക്ക് ഒഴുകി വരണ സമയമാ..അതൊക്കെ നമ്മുടെ വലയിൽ കുടുങ്ങും.'

ഞങ്ങൾ അവിടെത്തന്നെ ഇറങ്ങാൻ തീരുമാനിച്ചു.

മാഷ് മീൻ കൂടയുടെ കാവൽക്കാരനായി കുടയും ചൂടി തോട്ടു വരമ്പത്തിരുന്നു.

ആദ്യത്തെ ഊഴം കറപ്പനും കാട്ടയ്യപ്പനും ആയിരുന്നു.വല കുത്തേണ്ട താമസം ആദ്യത്തെ കോരലിൽ തന്നെ ബ്രാലുകളുടെ പ്രളയം.മുശുവും മുണ്ടത്തിയും ഉണ്ട് .കൂടയിൽ നിറയ്ക്കുന്നതിന് ഞാനും ഒപ്പം കൂടി. സന്തോഷം കൊണ്ട് മാഷ് ഉറക്കെയുറക്കെ സീൽക്കാരങ്ങൾ പുറപ്പെടുവിച്ചു.

അധികം വൈകാതെ തന്നെ കൂട നിറഞ്ഞു. അടുത്ത ഊഴം എന്റേതായിരുന്നു കറപ്പൻ തോട്ടിൽ നിന്ന് കയറി.ഞാൻ തോട്ടിൽ ഇറങ്ങി ഞാനും കാട്ട യ്യപ്പനും വലയുടെ രണ്ടറ്റത്തുമായി നിന്നു..

കലക്കവെള്ളത്തിൽ പുളച്ചു മദിച്ച മീനുകൾ തോട്ടിലൂടെ നിറഞ്ഞ് ഒഴുകി വരികയായിരുന്നു.

അതൊക്കെ ഞങ്ങളുടെ വലക്കുരുക്കിൽ വന്നു തൂർന്നു. അധികം വൈകാതെ മറ്റ് കൂടയും നിറഞ്ഞു.

അപ്പോഴേക്കും പൊടുന്നനെ ആകാശം കറുത്തിരുണ്ടു. നല്ല പൊരിഞ്ഞ ഇടിവെട്ടും മഴയും. ഞങ്ങൾക്കത് പുത്തിരിയല്ല. മാഷ് കുടയ്ക്കടിയിൽ നിന്നും വിറക്കുന്നതും പരുങ്ങുന്നതും കണ്ടു.

വീട്ടിൽ നിന്ന് പോന്നിട്ട് നാലഞ്ച് മണിക്കൂറുകൾ കഴിഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ മഴയ്ക്ക് ശമനം ആയി.

' മതി മാഷേ ഇനി നമുക്ക് മടങ്ങാം ..'

അങ്ങനെ ഞങ്ങൾ തോട്ടിൽ നിന്നും കയറി റോഡിൽ എത്തി. കുടചൂടി ടോർച്ച് തെളിച്ച് മാഷ് മുന്നിൽ തന്നെ ഉണ്ട് .ഞങ്ങൾ മൂന്നുപേരും ഒരു തീരുമാനത്തിലെത്തി.

ദാസൻ മാഷ് ആദ്യമായി വരുന്നതല്ലേ.

ഒരു കൂടയിലെ പകുതി മീൻ ഏകദേശം ഒരു 5 കിലോ എങ്കിലും വരും മാഷ്ക് കൊടുക്കാം .. പാവം രാത്രി ഉറക്കമിളച്ച് വന്നതല്ലേ.

പാടത്തെ റോഡിലെ സ്കൂൾ കയറ്റം കഴിഞ്ഞ് ഞങ്ങൾ കേരളമെയിൻ റോഡിൽ എത്താറായി.അടുത്ത വളവ് കഴിഞ്ഞാൽ

മാഷ്ടെ സ്റ്റഡിസെൻട്രറായി.

സ്റ്റഡിസെൻട്രറലിന് മുന്നിലെത്തിയപ്പോൾ മാഷ് തിരിഞ്ഞുനിന്നു.

'അശോകാ അപ്പൊ

ശരീട്ടോ..കറപ്പാ.., അയ്യപ്പാ ..,എന്നെ കൂടെ കൂട്ടിയതിൽ ഒരുപാട് ഒരുപാട് സന്തോഷം. എല്ലാവരോടും സ്നേഹം..'

'മാഷേ അകത്ത്ന്ന് ഒരു പാത്രം എടുത്തോളൂ..

ദേ കൂടേന്ന് പകുതി മീൻ എടുത്തോളൂ..'

കൂടകളിൽ മീനുകൾ അപ്പോഴും കിടന്ന് പിടഞ്ഞുകൊണ്ടിരിക്കുകയായിരുന്നു.പിടയുന്ന കൂട് മാഷക്ക് മുന്നിൽ വെച്ചാണ് കറപ്പൻ പറഞ്ഞത്.

'നിങ്ങൾ എന്താ ഈ പറേണത്..എനിക്ക് ഇതിൽ നിന്നും മീനോ ?എനിക്ക് വേണ്ട ഞാൻ മീൻ കിട്ടാൻ വേണ്ടിയല്ല വന്നത്. നിങ്ങളുടെ കൂടെ ഒരു രാത്രി ചെലവഴിച്ചാൽ ധൈര്യം കിട്ടും.ധൈര്യം ഉണ്ടാകാൻ വേണ്ടിയാണ്

നിങ്ങളുടെ കൂടെ കൂടിയത്. ഞങ്ങൾക്കൊന്നും പറയാനുണ്ടായില്ല മാഷ് വീട്ടിലേക്ക് കയറി പോയി..

ഞങ്ങൾ പതിവുപോലെ മീൻ പങ്കുവെച്ച് അവരവരുടെ വീട്ടിലേക്കും തിരിച്ചു...

ഇക്കൊല്ലത്തെ കാലവർഷത്തിൽ കോരിച്ചൊരിയുന്ന മഴപെയ്ത്തിൽ ഇടിവെട്ടും മിന്നലും എനിക്ക് മുന്നിൽ പുത്തൻ കാഴ്ചകൾ വരച്ചിടുമ്പോൾ അത് ആസ്വദിക്കാൻ പഴയ സൗഹൃദങ്ങൾ ആരുമില്ലല്ലോ എന്ന് ഒരു നിമിഷം ഞാൻ ഓർത്തു പോയി.ദാസ്മാഷ് നേരത്തെ തന്നെ സ്ഥലം കാലിയാക്കി.ഒരു അറ്റാക്കിന്റെ രൂപത്തിലാണ് അദ്ദേഹത്തിനെ കൂട്ടിക്കൊണ്ടുപോകാൻ ആളെത്തിയത്.

അദ്ദേഹത്തിന്റെ അഭാവത്തിൽ സ്റ്റഡിസെൻട്രർ അങ്ങനെ നിന്നുപോയി.ഭാര്യ സർക്കാർ സർവീസിൽ കയറി.. ഇപ്പോൾ പെൻഷൻ ആയി.

കറപ്പനും കാട്ടയ്യപ്പനും അഞ്ചാറു വർഷം മുൻപ് അടുത്തടുത്ത ദിവസങ്ങളിലായി വേദി വിട്ടു. ഇക്കൊല്ലത്തെ കാലവർഷ പ്രകൃതി കാഴ്ചകൾ കാണാൻ ഇപ്പോൾ ഞാൻ മാത്രം..എനിക്കുള്ള അറിയിപ്പ് എന്ന് വേണമെങ്കിൽ വരാം.. കാത്തിരിക്കുന്നു . ●

# വയൽ പുഴ നീന്തിയ കാലം

മഴയോർമകൾ മനസ്സിന്റെ വരണ്ട ഓർമ പ്രതലത്തിലേക്ക് പെയ്തിറങ്ങുമ്പോൾ നനുത്ത ഒരു കുളിർ സ്പർശം മേനിയാകെ ഇപ്പോഴും പിടിച്ചുലക്കും. ഓർമയുടെ കളിവഞ്ചി കുട്ടിക്കാലത്തേക്ക് തുഴയുമ്പോൾ മഴയുടെ നിറമുള്ള ചിത്രങ്ങൾ എമ്പാടും നമ്മിലേക്ക് ഓടിയെത്തും.ഇറ വെള്ളവും മുറ്റത്തു കൂടെ ചാലിട്ടൊഴുകുന്ന വരു വെള്ളത്തിൽ കടലാസ് തോണിയിറക്കിയതും മഴ നനയുമ്പോൾ പനി പിടിക്കുമെന്ന് പറഞ്ഞ് ഉമ്മ ചീത്ത പറയുന്നതും വിളിച്ചു കേറ്റി ഉടുമുണ്ട് കൊണ്ട് തല നന്നായി തുവർത്തിത്തന്നതും എല്ലാം ഇന്നലെയുടെ തണുത്ത ഓർമകളാണ്. വീണുരുണ്ടും ചെളിവെള്ളം തെറിപ്പിച്ചും ഇഴഞ്ഞുനീങ്ങിയിരുന്ന സ്കൂൾ യാത്രകൾ രസകരമായിരുന്നു. കന്നുപൂട്ട് കാലത്ത് ചെളി വാരിപ്പൊത്തിയ പാട വരമ്പുകളിലൂടെ പുസ്തകക്കെട്ടും കയ്യിൽ പിടിച്ചുള്ള യാത്ര വല്ലാത്ത അനുഭവം തന്നെയായിരുന്നു. കാറ്റത്ത് കുട പറന്നു പോകുന്നതും പുറം മറിയുന്നതും അന്നേരം മഴ നനയുന്നതുമൊക്കെ നിത്യസംഭവമായിരുന്നു. നനഞ്ഞു കുതിർന്ന് ക്ലാസിലെത്തുമ്പോൾ എങ്ങനെ വെള്ളം ഇറ്റിവീഴുന്ന ഉടുപ്പുമായി അകത്തു കയറുമെന്ന് ചിന്തിച്ച് ക്ലാസ് മുന്നിൽ തീരുമാനമെടുക്കാനാവാതെ അന്തിച്ചു നിന്നതും മഴയോർമയിൽ പ്രധാനമാണ്.

കുട മറന്നു വെക്കുന്നത് ഏതാണ്ട് എല്ലാവരുടെയും ശീലമായിരുന്നു. വീട്ടിലെത്തുമ്പോൾ കുട കൊണ്ടുവന്നില്ലേ എന്ന ഉമ്മയുടെ പതിവു ചോദ്യം മറന്നു വെച്ച ദിവസത്തിൽ കൂരമ്പായി നമ്മുടെ നെഞ്ചിൽ എത്രയോ തവണ തറച്ചിട്ടുണ്ട്. പാടം മുഴുവൻ പുഴ വെള്ളം നിറഞ്ഞതും വാഴപ്പിണ്ടി കൊണ്ട് പാണ്ടി കെട്ടി അതിൽ സഞ്ചരിച്ചതും മഴക്കാല സന്തോഷങ്ങളിൽ പെട്ടതായിരുന്നു.



ദാരിദ്ര്യത്തിന്റെ നാളുകൾ കൂടിയായിരുന്നു ഓരോ മഴക്കാലവും. എല്ലാവരും പണിയില്ലാതെ വീട്ടിലിരിക്കുമ്പോൾ അക്കൂട്ടത്തിൽ വാപ്പയുമുണ്ടായിരുന്നു. അതുകൊണ്ടു തന്നെ ആ കാലങ്ങളിൽ ചേനയും ചേമ്പും മരച്ചീനിയുമൊക്കെ പട്ടിണിയകറ്റാനുള്ള വിഭവങ്ങളായി മാറും. ഹൈസ്കൂളിൽ പഠിക്കുന്ന സമയത്ത് ഉണ്ടായ അനുഭവം ഇന്നും ഓർമയിൽ നന്നായി തങ്ങി നിൽക്കുന്നുണ്ട്. വേനൽ കാലത്ത് പുഴ മുറിച്ചു കടന്ന് സ്കൂളിൽ പോകുന്ന ഞങ്ങൾ മഴക്കാലത്ത് പുഴനിറഞ്ഞിരിക്കുന്നതിനാൽ വയൽ കടന്നാണ് പോവുക. മഴ ആർത്തു പെയ്ത ഒരു ദിവസം ഞങ്ങൾ വയലിലൂടെ തന്നെ സ്കൂളിൽ പോയി. പക്ഷെ വൈകുന്നേരം തിരിച്ചു വരുമ്പോൾ വയലും പുഴയായിരിക്കുന്നു. നെഞ്ചോളം വെള്ളം. ചിലയിടത്ത് ആകെ മൂടിപ്പോകുന്ന തരത്തിലും. രണ്ടും കൽപിച്ച് ഞങ്ങൾ വയൽ പുഴയിലൂടെ നീന്തി. ഒരു വിധം റോഡിലെത്തി. നനഞ്ഞ പുസ്തകങ്ങളും ഉടുതുണിയും. നനഞ്ഞൊട്ടിയ മുണ്ട് പതിയെ മടക്കു നിവർത്തി നോക്കിയപ്പോൾ ആ കാഴ്ച്ച കണ്ടു ഞെട്ടി. രണ്ട് പഴുതാരകൾ അള്ളിപ്പിടിച്ചിരിക്കുന്നു. ഒന്നും നോക്കാതെ അഴിച്ച് ഒരൊറ്റ കുടയൽ. പിന്നെ വീട്ടിലെത്തും വരെയും പഴുതാരകൾ അരിച്ചു കയറുന്നുവോ എന്നൊരു തോന്നലായിരുന്നു.

മഴക്കാലം ശരിക്കും കുളിര് കോരിയിട്ടത് കുട്ടിക്കാലത്തായിരുന്നു. ആ കാലത്തെക്കുറിച്ച് ഓരോരുത്തർക്കും ഒത്തിരി ഓർത്തെടുക്കാനുണ്ടാവും.



**സെയ്തലവി വിളയൂർ**

# മഴയോട്.. ഒരിത്തിരി..



ദിവ്യ സി ആർ

വേനലിന്റെ ഉള്ളുരുക്കങ്ങളിൽ ആർദ്രതയുടെ നേർത്ത സ്പന്ദനങ്ങളായി പെയ്തിറങ്ങും മഴയെ ജീവിതമെന്നല്ലാതെ മറ്റെന്താണ് വിളിക്കേണ്ടത്..?

' മഴ - ഒരോർമ്മക്കുറിപ്പ്' എന്നതിനപ്പുറം 'ജീവിതത്തിനോടൊപ്പം സഞ്ചരിച്ചവൾ' എന്നെഴുതാനാണ് എനിക്കിഷ്ടം. നൊമ്പരപ്പെടുമ്പോൾ, വല്ലാതെ മുറിവേൽക്കപ്പെട്ട നിമിഷങ്ങളിലൊക്കെയും എന്നേക്കാൾ ആഴത്തിൽ 'അവൾ' കരഞ്ഞിരുന്നു.! കനൽവഴികളിൽ പതറിപ്പോയിട്ടും തളരാതെ, ജീവിതം മുന്നോട്ടു കൊണ്ടുപോകുന്ന മനുഷ്യരെ കാട്ടി വേനലിന്റെ ചെറുനാളങ്ങൾ നീട്ടി നോവുകൾക്കിടയിലും വേവുന്ന മനസ്സിന് ആർദ്രതയുടെ പൊൻതൂവാലയാലവൾ വീശി.

സ്വപ്നം കാണാൻ...,

വിരസതയിൽ നിറമറ്റുപോയ പകലുകളെ നോക്കി,

'ഇനിയെന്താണെന്ന്' ചിന്തിക്കുമ്പോൾ; കറുത്തിരുണ്ട കാർമേഘങ്ങൾക്കുള്ളിൽ വിടരുന്ന വിഹ്വലതകൾ ക്ഷണനേരം കൊണ്ട് പെയ്തൊഴിഞ്ഞ് തെളിമാനം പുഞ്ചിരിക്കുമ്പോൾ, അതുവരെ പരിഹാരം കണ്ടെത്താൻ കഴിയാതെ തളർത്തിയ വിഷയങ്ങളിലേക്ക് കൂടുതൽ ആഴ്ന്നിറങ്ങി അതിലെ പോരായ്മകളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും ആശങ്കകളെ കുറിച്ചും ബോധവതിയാകുകയും ചെയ്യുന്നൊരെന്നെ നോക്കി നിഗൂഢമായവൾ പുഞ്ചിരിക്കാറുണ്ട്.

സ്വയംഹത്യയുടെ പടിവാതിലോളം കടന്ന് ദീർഘങ്ങളായ നടത്തങ്ങളിലേക്ക് മനസ്സ്, ശരീരത്തെ ക്ഷണിക്കുമ്പോൾ നിശ്ശബ്ദമായ തിരകളെ പുൽകുന്ന മഴത്തുള്ളികളെ നോക്കി ഞാൻ എത്രയോ സങ്കടങ്ങൾക്ക് ക്ഷമ എന്നെഴുതിയിരിക്കുന്നു..! മരണത്തിന്റെ വാതിലുകൾ തള്ളിത്തുറക്കാതെ നോവിന്റെ നീർക്കണങ്ങളിലേക്കാഴ്ന്നിറങ്ങി അക്ഷരങ്ങളാലെന്നെ ഞാൻ പകർത്തുവാൻ ശ്രമിക്കുമ്പോൾ, ഏറെ സന്തോഷത്തോടെ കേട്ടിരിക്കാൻ മുറ്റത്തെ ചെടികളോട് കിന്നരം പറഞ്ഞ്, ദാ.. ഇപ്പോഴും എനിക്ക് ചുറ്റുമവൾ കാറ്റിന്റെ ഗതിയ്ക്കൊപ്പം താളം ചവിട്ടുന്നുണ്ട്.

സ്വപ്നങ്ങളുടെ മായികലോകത്തിലേക്ക് ഞാൻ ആണ്ടിറങ്ങും നേരം, കൽപ്പടവുകളും പുഴക്കരയും വയലേലകളും പിന്നിട്ട്, പ്രണയത്തിന്റെ മാസ്മരികതയിൽ സ്വയം മറന്നുറങ്ങുന്ന എന്നെ നോക്കി; ലാസ്യഭാവം നിറഞ്ഞ കൗമാരക്കാരിയുടെ ലാഘവത്തോടെ ചാറ്റൽ മഴത്തുള്ളികളാൽ സങ്കടങ്ങളുടെ കൂട്ടിരുപ്പുകാരനോട്, പരിഭവങ്ങളും പരാതികളും മാത്രമല്ല അഗാധമായ വേരുകൾ കൊണ്ട് ആഴത്തിൽ ചേർത്തുവച്ച് ഗാഢമായി പുണർന്നിരിക്കാൻ കൊതിക്കുന്ന എന്നെക്കുറിച്ച്.. എന്റെ സ്വപ്നങ്ങളെക്കുറിച്ച് അവൾക്കല്ലാതെ മറ്റാർക്കാണ് പറയാൻ കഴിയുക.?


നിനക്കറിയാമോ..?

എന്റെ ജീവൻ ഈ ഭൂമിയിൽ നിന്ന് വിട്ടകലും നേരം നീ ചാറുന്നുണ്ടാവും; ഞാൻ അടച്ചുവച്ച എന്റെ പരിഭവങ്ങളുടെയും പരാതികളുടെയും ഭാണ്ഡം ഈ ലോകത്തിനു മുന്നിൽ തുറന്നു വയ്ക്കപ്പെടുമ്പോൾ, എനിക്കായി മാത്രമൊരുക്കിവച്ച ഏകാന്തതകളുടെ ജാലകങ്ങൾ തള്ളിക്കടന്നുവരുന്ന മനുഷ്യരെ തടഞ്ഞുനിർത്താൻ നീ തീർക്കുന്ന പ്രതിരോധങ്ങളിൽ അവർ പ്രതിഷേധിക്കുമായിരിക്കും.!

ഒടുവിൽ ഒരു പുകച്ചുരുളായി കാർമേഘപ്പടർപ്പിലേക്കലിയാൻ മോഹിക്കും നേരം, ഇനിയൊരു നീർത്തുള്ളിയായീ മണ്ണിൽ ചവിട്ടേറ്റ് പിടയുവാനല്ലാതെ ജീവന്റെ നേർത്ത ഹിമശാഖിയിൽ പതിയുമൊരു ദാഹനീരായി എനിക്ക് പുനർജ്ജനിക്കണം.!



# മഴ ബാക്കിവച്ച ഗന്ധങ്ങൾ.....



ലേഖ കാക്കനാട്ട്

വറ്റിവരണ്ട ഭൂമിയിലേക്ക് ആദ്യമായി പതിക്കുന്നതു മുതൽ മൂന്നോ, നാലോ മാസങ്ങൾക്കു ശേഷം പെയ്തൊഴിയുന്നവരെയുള്ള മഴക്കാലത്തിനുമുണ്ട് അതിന്റേതായ ചില സവിശേഷഗന്ധങ്ങൾ എന്നു തോന്നിയിട്ടുണ്ട് . .

ആദ്യമഴതുള്ളി ഭൂമിയിൽ പതിക്കുമ്പോഴുള്ള പുതുമഴയുടെ ഗന്ധമാണ് തളിരിടുന്ന ഓരോ ജീവിതത്തിനു മെന്ന് പണ്ടെന്നോ കുറിച്ചിട്ടുണ്ട്.

പിന്നെ പിന്നെ ജീവിതപെയ്ത്തായി മഴ മാറുമ്പോൾ അനുഭവിച്ചറിയുന്ന എത്രയോ ഊഷ്മളഗന്ധങ്ങൾ. ..

പഴയകാലത്തെ മഴഗന്ധത്തിന്റെ

പ്രധാന കാരണക്കാരായിരുന്നു...ഈറൻ മണക്കുന്ന വസ്ത്രങ്ങളും പുകയത്തു കിടന്ന് ഉണങ്ങാൻ പാടുപെടുന്ന നനഞ്ഞ വിറകുകൊള്ളികളും...

മുമ്പൊക്കെ മഴക്കാലത്തു മാത്രം അനുഭവിച്ചറിയാൻ കഴിഞ്ഞ കൊതിയൂറുന്ന ചില രുചി ഗന്ധങ്ങളുണ്ടായിരുന്നു....

കർക്കിടക രാവുകളിൽ അത്താഴത്തിനായി

ഉപ്പു മാങ്ങയും കണ്ണിമാങ്ങ അച്ചാറും നിറച്ച ഭരണികൾ തുറക്കുമ്പോഴുള്ള മണം...

വേനൽക്കാലത്ത് വിളവെടുത്ത പനയോലയിൽ മച്ചിൽ കെട്ടിതൂക്കിയ ഇത്തിരി പഴക്കമുള്ള വെള്ളരിയും മണലിൽ കെട്ടുപോകാതെ സൂക്ഷിച്ച വിളഞ്ഞ ചക്കയുടെ കുരുവും ഉണക്ക ചെമ്മീനും ഉപ്പുമാങ്ങയും ചേർത്ത് പാചകം ചെയ്യുന്ന കറി തിളക്കുമ്പോഴുള്ള ഗന്ധം...

ഊത്തമീൻ എന്ന പേരിൽ സുലഭമായി ലഭിക്കുന്ന വരാലും മുഴിയും പരലും വാളയും എണ്ണയിൽ പൊരിയുന്നതിന്റേയും മീൻമുട്ട പ്ളാവിലയിൽ കനലിൽ വേവുന്നതിന്റേയും പിന്നീട് അധികമായി വരുന്ന മത്സ്യങ്ങൾ പുകയത്തു ഉണക്കിയെടുക്കുന്നതിന്റേയും വേറിട്ട ഗന്ധങ്ങൾ...

ഔഷധകൂട്ട് ചേർത്ത കർക്കിടക കഞ്ഞി പാകമാവുമ്പോഴുള്ള മണമടിച്ചാൽ തന്നെയുണ്ടാകും ശരീരത്തിന് ഒരുണർവ്... കർക്കിടകമാസമെന്നത് വടക്കൻ കേരളത്തിലെ ഗ്രാമാന്തരങ്ങളിൽ സ്ത്രീകളുടെ ആരോഗ്യത്തിനായി തയ്യാറാക്കുന്ന പേറ്റുലേഹ്യത്തിന്റെ വശ്യഗന്ധമുയരുന്ന നാളുകൾ കൂടിയാണ്.

കനത്ത മഴക്കാലത്ത് പ്രകൃതി പോലും ചില തനതു ഗന്ധങ്ങളിൽ മതിമറന്നു നിൽക്കുന്ന പോലെ തോന്നും...

രാമായണശീലുകൾ ഉയരുന്ന ഹൈന്ദവ ഭവനങ്ങളിൽ പുകയ്ക്കുന്ന അഷ്ടഗന്ധത്തിന്റേയും കറുത്ത വാവു ദിനത്തിൽ ബലി തർപ്പണചടങ്ങുകളിൽ ഉപയോഗിക്കുന്ന പൂജാദ്രവ്യങ്ങളുടേയും ആത്മീയ സുഗന്ധം..

ഏറെ സവിശേഷമായ മറ്റൊന്ന് കന്നു പൂട്ടുന്ന നേരം വയലിൽ നിന്നുയരുന്ന ചേറിന്റെ ഗന്ധമാണ്...

അതേ...

ആദ്യം കയ്ക്കുന്നതും പിന്നെ മധുരിക്കുന്നതുമായ ജീവിതഗന്ധമാണ് പാടത്തെ ചെളിക്ക് എന്ന് തോന്നിയിട്ടുണ്ട്.

മഴ കനത്തു വരുമ്പോൾ പേരറിയുന്നതും അല്ലാത്തതുമായ ഒരുപാട് പച്ചിലകളുടെ ഗന്ധമാകും പ്രകൃതിക്ക്....അപ്രതീക്ഷിതമായി വന്നു ചേരുന്ന വെള്ള പൊക്കത്തിനുശേഷം

വെള്ളമിറങ്ങിതുടങ്ങി എന്ന സൂചന തരുന്ന പുഴയോരത്തും തോട്ടുവക്കിലും തൊടിയിലും നിന്നുയരുന്ന ഒരു ഗന്ധമുണ്ട്. എക്കലിന്റേയും ചളിയുടേയും സമ്മിശ്ര ഗന്ധം...

കാലം തെറ്റി കായ്ച ചക്കയും മാങ്ങയും ആർക്കും വേണ്ടാതെ പഴുത്ത് കിടക്കുന്നു എന്ന സൂചനയോടെ കൊതിപ്പിക്കുന്ന ഗന്ധത്തോടെ മഴയെ ആനയിച്ചുകൊണ്ടു വരുന്ന കാറ്റ് എത്താറുണ്ട്.

അങ്ങനെ അങ്ങനെ പ്രകൃതിയിലും ജീവിതത്തിലും അനിവാര്യമായ സവിശേഷ ഗന്ധമോടെ മഴ പെയ്തിരുന്ന നാളുകൾ....

എന്നാൽ കുട്ടിക്കാലം മുതൽ മഴക്കാലത്തു മാത്രം അനുഭവിച്ചറിയാ൯ കഴിഞ്ഞിരുന്ന പൂത്ത ചമ്പകത്തിന്റേയും പിച്ചിയുടേയും മണമാണ് എന്നെ ഏറ്റവും കൂടുതൽ ആഹ്ളാദവതിയാക്കിയിട്ടുള്ളത്

യാത്രകളിലും നാട്ടിടവഴികളിൽ കൂടി നടക്കുമ്പോഴും വിവരണങ്ങൾക്കതീതമായ ആ ഗന്ധം ഒരു പ്രത്യേക അനുഭൂതിയായി ഉള്ളിൽ പടർന്നു...

അങ്ങനെയിരിക്കേ ചെറുപ്പകാലത്ത് മതിവരുവോളം സന്തോഷിച്ച ഒരു മഴക്കാലത്താണ് അയൽവക്കത്തുനിന്ന് ഉയരുന്ന പുക ചുരുളും അതുവരെ അറിയാത്ത ഒരു രൂക്ഷഗന്ധവും എന്നെ വല്ലാതെ തളർത്തിയത്. മധ്യ വയസിൽ മക്കളെ തനിച്ചാക്കി പോയ അമ്മയുടെ മൃതദേഹം ഉണങ്ങാത്ത മാവുചീളുകൾക്കിടയിൽ നിന്ന് നീറുകയാണ്.

നോക്കി നിന്നപ്പോൾ അങ്ങോട്ടു പോകണ്ട എന്നു പറഞ്ഞ് ആരോ പിന്നിലേക്കു വലിച്ചു..

അതോടൊപ്പം മുതിർന്ന ആരോ പറഞ്ഞ ആ വാക്കും ഞാ൯ കേട്ടു...

'ഇത്രയേയുള്ളൂ... '

അന്നും ഇന്നും ജീവിതത്തിന് ദിശാബോധം നൽകുന്ന യാഥാർത്ഥ്യമായി ആ വാക്ക് എന്നിൽ തന്നെ ചേരുകയായിരുന്നു....

പിന്നീട്..

എത്രയോ മഴക്കാലങ്ങൾ..

ആവർത്തനവിരസത അനുഭവ പ്പെടാത്ത രാമായണ ശീലുകൾ...

ശീലിച്ച പഴയമഴക്കാലഗന്ധങ്ങളല്ലാതെ പുതിയതായൊന്നും എന്നെ സ്വാധീനിച്ചിട്ടില്ല എന്ന് തിരിച്ചറിയുമ്പോഴും

എന്റേതായ ലോകത്ത്

എന്നെ നോക്കിയിരിക്കാൻ വേണ്ടി കാലത്തിനനുസൃതമായി ഞാൻ കടമെടുത്ത മഴ ബാക്കിവച്ച മത്തു പിടിപ്പിക്കുന്ന ഗന്ധങ്ങൾ.. !

പക്ഷേ അതിൽ മുഴുകിയിരിക്കുമ്പോഴെല്ലാം പെരുമഴ ക്കാലത്ത് ആദ്യമായി അനുഭവിച്ചറിഞ്ഞ മരണഗന്ധം എനിക്ക്

താക്കീത് നല്കാറുണ്ട്...

ഏറെ ആഗ്രഹിക്കുന്നതൊന്നും അധികകാലം നീണ്ടുനിൽക്കണമെന്നില്ല എന്ന മുന്നറിയിപ്പോടെ ആ ഗന്ധം..

കൃത്യമായി എന്നെ ഓർമ്മിപ്പിക്കാറുമുണ്ട്....

'ഇത്രയേയുള്ളൂ.......'

# ഒരു മഴക്കാല ബസ് യാത്ര

**ഷംല ആവള**

മഴ എന്ന് പറയുന്നത് ഏതൊരു സാഹചര്യത്തിലും ആസ്വദിക്കാൻ കഴിയുന്ന ഒരുസംഗതിയാണ്. ചിനുങ്ങി പെയ്യുന്ന മഴ മുതൽ ആർത്തലച്ച് പെയ്യുന്ന പേമാരി വരെ ഒരു പരിധിവരെ നമുക്ക് ആസ്വദിക്കാൻ കഴിയും.

അന്ന് രാവിലെ മനോഹരമായ മഴയുടെ കൂടെയാണ് ബസിൽ ഞാൻ കോളേജിലേക്ക് പോയത്. കോരിച്ചൊരിയുന്ന മഴയിൽ കോളേജിലേക്ക് പോവാൻ ബസ്സ് കാത്തു നിൽക്കുമ്പോൾ തന്നെ മുഷിച്ചിൽ ഉണ്ടായിരുന്നു. നല്ല വെയിറ്റിംഗ് ഷെഡ് ഉണ്ടായിരുന്നെങ്കിലും ആ മഴയത്ത് നനയാതിരിക്കാൻ തക്കവിധം ഉള്ളതായിരുന്നില്ല . ആ കാറ്റിലും മഴയിലും അടിച്ചുവന്ന ചിമ്മാനി കൊണ്ട് അപ്പോൾ തന്നെ നനഞ്ഞു തുടങ്ങിയിരുന്നു.

നനഞ്ഞ വസ്ത്രത്തോടുകൂടി തന്നെ ബസ്സിൽ കയറി. ഭാഗ്യത്തിന് സൈഡ് സീറ്റ് കിട്ടുകയും ചെയ്തു. സീറ്റിൽ ഇരുന്ന് മഴ ആവോളം ആസ്വദിച്ചു. ബസ്സിന്റെ സൈഡിൽ ഉണ്ടായിരുന്ന കർട്ടൻ അവർ താഴ്ത്തിയിട്ടിരുന്നുവെങ്കിലും ഇത്തിരി മഴ മങ്ങിയപ്പോൾ ഞാനത് ഉയർത്തി. കാറ്റിനനുസരിച്ച് മുഖത്തേക്ക് അടിക്കുന്ന മഴത്തുള്ളികളെന്റെ മനസ്സിനെ കുളിരണിയിച്ചു.

റോഡിലൂടെ കുത്തിയൊലിക്കുന്ന ചെളിവെള്ളത്തിലൂടെ എന്റെ ബാല്യത്തിന്റെ ഓർമ്മകൾഒഴുകിക്കൊണ്ടിരുന്നു.

ഫ്രണ്ടിലെ ഗ്ലാസിൽ പതിഞ്ഞിരുന്ന മഴത്തുള്ളികൾ പ്രഭാതത്തിൽ ഇലകളിൽ പറ്റിപ്പിടിച്ചിരുന്ന മഞ്ഞുതുള്ളികളെ ഓർമിപ്പിച്ചു.

കൂടെ ഉണ്ടായിരുന്ന കൂട്ടുകാർക്ക് നനഞ്ഞ ഡ്രെസ്സിനാൽ എങ്ങനെ ക്ലാസ്സിൽ ഇരിക്കും എന്ന ചിന്തയായിരുന്നു അപ്പോൾ. എന്നെ അതൊന്നും ബാധിച്ചില്ല, ബസ് സ്റ്റാൻഡിൽ എത്താറായപ്പോൾ എന്തൊ ഒരു വലിയ വിഷമം മനസ്സിനെ പിടികൂടിയപോലെ, അത്രയും മനോഹരമായിരുന്നു ആ ബസ് യാത്ര.

സ്റ്റാൻഡിൽ ബസ് ഇറങ്ങി കോളേജിലേക്ക് നടക്കുമ്പോഴും കോരിച്ചൊരിയുന്ന മഴയിൽ മനസ്സും ശരീരവും കുളിരുകയായിരുന്നു.

മഴ നനഞ്ഞ പകലിന്റെ ഓർമ വിട്ടുമാറാതെ മൂടിപ്പുതച്ചു കിടക്കുമ്പോഴും ആ നനഞ്ഞ പകലിന്റെ ഓർമ്മകളിൽ തന്നെയായിരുന്നു മനസ്സ്



കവിത

# വെള്ളിനൂൽ പ്രണയം

ഇന്നലെകളിലേക്കിറങ്ങി
നടക്കുമ്പോഴെല്ലാം
സ്വപ്നങ്ങളുടെ കണ്ണാടിമരങ്ങളിൽ
രക്തം വിഴുങ്ങിയ സൂര്യന്റെ
വിരലറ്റംതട്ടി നഗ്നത കോറിയൊരു
കാലം തൂങ്ങിക്കിടക്കാറുണ്ട് !

അപ്പോഴും ,
തോറ്റുപോയൊരു പ്രണയം
വാശിയുടെ മൂടുപടമണിഞ്ഞ്
അക്ഷരതുള്ളികളായിറ്റിറ്റു
വീഴുന്നുണ്ടായിരുന്നു.
ആർദ്രമാമതിൻ തളിർവരിയിൽ
വിരിയുന്ന കവിതയായി
നീ പെയ്തിറങ്ങുന്നേരം,
കളഞ്ഞുപോയൊരാ പ്രണയം
വീണു കിട്ടുകയായിരുന്നു.


വിണ്ടുകീറിയ
ഉപ്പുനിലങ്ങളിലൂടെ
കനലെരിയുന്ന
ചാരക്കൂനകളിലൂടെ
ഉൽപതത്തിൻ
ചിറകായി മാറി
നിതാന്തം പേലവം പുണർന്നീടാൻ
പതറി പതിച്ചൊരാ വെള്ളിനൂൽ

തുടിപ്പതെന്നിലെ പ്രാണൻ,
പ്രാണനാൽ നീ തിരിച്ചെടുത്തു.

മുളപൊട്ടിയെണീറ്റിടും
സ്നിഗ്ധതയിൽ നറുപച്ച നൈർമല്യം
പൂവായ് കനിയായ് പൂത്തുലയുന്നു.
തഴുകി തളിരിട്ട താഴ്ചകൾ
തണ്ണീർതടങ്ങളായി
ചേർന്നലിയുന്ന നിർവൃതിയിൽ
ശ്വാസങ്ങൾ ഗന്ധമായ്
ഒന്നു ചേർന്നു.
അത്രമേലാഴത്തിൽ
അനിർവ്വചനീയമാം
നിസ്തുല ചേതനയിലൊരു
ചിത്രസംയോജനം നടക്കുകയായിരുന്നു.

കാലം ശിഖരങ്ങളായതിൻ
താഴെ നിന്നിലായുയിർക്കുവാൻ
ഇന്നുകളിലേക്ക് പുറപ്പെട്ട വേരുകൾ
നിന്നിലൊന്നായി യാത്രപോകുമ്പോൾ
ഒരു തീവ്രപ്രണയത്തിന്റെ
അപൂർണ്ണ സമസ്യയായ്
നിവർന്നു നിൽക്കാനാഴം തേടുമ്പോഴും
നീയെന്നിൽ തോരാതെ
പെയ്തിറങ്ങുന്നുണ്ട് !





നിജി പ്രബീഷ്

# മഴത്തുള്ളിയുടെ നാൾവഴികൾ



ഡോ. പി. സജീവ്കുമാർ



അന്ന്.
മഴത്തുള്ളികളൊക്കെ,
മണ്ണിലേക്കൂർന്നാഴ-
മളന്നങ്ങുപോയ്,
കിണറിലും, ചാരെയുള്ള
കുളത്തിലും പൊന്തി,
അരുവിയിലും, നദിയിലും
കടലിലുമൊഴുകി,
പിന്നെയിരുൾ മേഘമായ്
ആകാശവീഥിയിലെത്തി
ശേഷം,പൊഴിയുകയായ്
മണ്ണും, മനസ്സുമാകെ
കുളിരേകും കാലവർഷമായ്.

ഇന്ന്.
മനുഷ്യനത്രമേൽ
സ്വാർത്ഥനായ്, ഭൂമിയിൽ
മഴത്തുള്ളിയൂർന്നുപോകും
വഴികളെല്ലാമടക്ക,യാൽ
വെള്ളമൊഴുകിപ്പരന്നു,
അവനെയത്രമേൽ, ചുറ്റി-
പ്പിടിക്കാൻ വെമ്പലുമായ്
വഴിയിലുയർന്നു, പൊങ്ങി
ശേഷം വീട്ടുപടികൾ
കടന്നങ്ങു,വീടകം പുക്കൂ.

# വെയിലും മഴയും വന്നപ്പോൾ

വെളുവെളെ വെളുത്തു
സുന്ദരിയായ വെയിൽത്തുണ്ട്
വെളുക്കെ ചിരിച്ചുകൊണ്ട്

മേൽക്കൂരയുടെ ദ്രവിച്ച
ഓലപ്പഴുതിലൂടെ
അനുവാദമില്ലാതെ ഇറങ്ങി വന്നു.

ഓൺലൈൻ പഠിപ്പിനായി
ഞാനൊരു കുഞ്ഞു പെട്ടി
സ്വപ്നംകണ്ടിരിക്കുന്ന നേരം

ഓർക്കാപ്പുറത്തവൾ തട്ടിവിളിച്ചപ്പോൾ
ബോധത്തിന്റെ പാലത്തിലൂടെ  നടന്ന്
ഓർമ്മകളുടെ തുരുത്തിലെത്തി.

സിനിമാകൊട്ടകയിലെ തറയിലിരുന്ന്
പിൻതിരിഞ്ഞു നോക്കുമ്പോഴുള്ള
വെളിച്ചത്തിന്റെ യാത്ര കണ്ടു.

കൈപ്പത്തിയെ  പരിചയാക്കിയപ്പോൾ
വിരലുകൾക്കിടയിലൂടെ
ചെമന്നപ്രകാശം പരത്തി പേടിപ്പിച്ചു.

ഞാനൊന്നു നീങ്ങിയിരുന്നപ്പോൾ
അവളെന്റെ മനംപോലെ തിളയ്ക്കുന്ന
അടുപ്പത്തെ റേഷനരിയുടെ വേവുനോക്കി.

മെല്ലേ മെല്ലേ കീറപ്പായിൽ കിടക്കുന്ന
അച്ഛന്റെ വാതംപുണർന്ന പാദങ്ങളെ
ചൂടാക്കാൻ തുടങ്ങി.

പെട്ടെന്ന് അവളെ തള്ളിമാറ്റി അതേ വഴിയിലൂടെ
കൊട്ടും കുരവയും വെടിക്കെട്ടുമായി
മഴത്തുണ്ട് ഓടിയെത്തി.

അവൻ ഇറങ്ങിയിടത്ത്
വക്കുംകാതും പൊട്ടിയ കലങ്ങൾ
പ്രതീക്ഷയോടെ നൃത്തം  വെച്ചു.

ഒന്നു നിറയുമ്പോൾ മറ്റൊന്ന്...
അവസാനം എല്ലാം നിറഞ്ഞപ്പോൾ
അച്ഛനെ നിറയ്ക്കാതിരിക്കാൻ
വഴികാണാതെ പകച്ചു നിന്നു.....



പി.ബി.രമാദേവി

# ഓർമ്മപ്പെയ്ത്ത്

ഒരു മഴക്കുളിരിൽ നാം പങ്കിട്ടെടുത്തൊരാ
നനവുള്ളൊരോർമ്മകൾക്കെന്തുഭംഗി?
മഴനനൂലുകൊണ്ടു നാം നെയ്തെടുത്തുള്ളൊരാ
കുളിരുള്ളൊരോർമ്മകൾക്കെത്ര വർണ്ണം .
നറുനിലാത്തെന്നലായ് വന്നു നീയെൻ മുടി -
യിഴകളിൽ മെല്ലെ തലോടിടുമ്പോൾ അഴലിൽ
നിന്നൂറ്റിക്കുടിക്കാനൊരിത്തിരി
നറു മുന്തിരിച്ചാറു തന്നപോലെ
കനവിൽ നീ വന്നു വിളിക്കുമ്പോളെൻമനം
തളിരിട്ടു പൂത്തു വിടർന്നിരുന്നു
അതിൽ നിന്നുസൗഗന്ധ പുഷ്പം വിരിഞ്ഞു
നൽശലഭങ്ങൾ പാറിപ്പറന്നിരുന്നു
പെരുമഴക്കാറുകൾ പെയ്തിറങ്ങുന്നൊരാ
തൊടിയിലെ നാട്ടുമാവിൻ ചുവട്ടിൽ
നാക്കിലക്കുട ചൂടി നാം നനഞ്ഞുള്ളൊരാ
നാളുകൾക്കില്ലിനി പിൻമടക്കം!
മഴമുകിൽ മാനത്ത് കളിയാട്ടമാടുമ്പോൾ
മനതാരിലറിയാതെ നീ ചിരിക്കും ..
മഴയിൽ കുതിർന്നങ്ങു മുളപൊട്ടുമാശകൾ
അതിരുകളില്ലാതലഞ്ഞിടുന്നു ..
ഇനിയൊരു വാസന്തമകലെയാണെങ്കിലും
വെറുതെ ഞാൻ മോഹിച്ചു കാത്തിരിക്കും
മഴമുകിൽ കാണുന്ന വേഴാമ്പൽ പോലെയീ
വിരഹിണി നിന്നെ തിരഞ്ഞിരിക്കും





രജനി സുരേന്ദ്രൻ

# മഴ

ഉച്ചമയക്കം കഴിഞ്ഞു ഞാൻ നോക്കവെ
ഉച്ചവെയിലൊക്കെ മാഞ്ഞു
മാനത്തു കാർമേഘത്തുണ്ടു കനത്തതും
മനസ്സാകെയൊന്നു തണുത്തു


മഴയാരവം വന്നു കാതിൽത്തഴുകവെ
മോഹനരാഗമായ് തോന്നി
മറയാതെ നിന്നു നീ വിറകൊണ്ടു മന്ദമായ്
മണ്ണിലേയ്ക്കാർദ്രയായ് പെയ്തു

വെയിലേറ്റുവാടിത്തളർന്നിടും ലതകളെ
മഴബിന്ദു ചുംബിച്ചുണർത്തി
വറ്റിക്കിടന്ന തടാകപ്പരപ്പിലായ്
നീർത്തുള്ളി വന്നു നിറഞ്ഞു

മഴപെയ്തു കുതിരുന്ന വഴികളിലൂടൊന്നു
മഴകൊണ്ടു മെല്ലെ നടന്നു
മഴയുടെ നൃത്തതാളങ്ങളിൽ ജലബിന്ദു
മധുരമായെന്നെ പുണർന്നു

മഴപെയ്തു നനയുന്ന വഴികളിലൂടൊന്നു
മഴയുടെ കുളിരിൽ നടന്നു
മഴത്തുള്ളിവീണെൻറെയനുരാഗ ആരാമ-
ച്ചെടികൾ വീണ്ടും തളിർത്തു

മഴപെയ്തു നനയുന്ന വഴിയിലൂടൊന്നു
മഴകൊണ്ടു മെല്ലെ നടന്നു
മഴയുടെ പെയ്ത്തുതാളങ്ങളിൽ ജലബിന്ദു
മധുരമായെന്നെ പുണർന്നു



കൃഷ്ണകുമാർ
മാപ്രാണം

# ഒരു മഴക്കഥ

പുതുവർഷപ്പുലരിയിൽ
തന്നെക്കാത്തിരിക്കുന്ന കുട്ടികളെ
കാണാനോടിയെത്തിയതായിരുന്നു
മഴ.
നനഞ്ഞിറങ്ങി, വെള്ളത്തിൽ തിമിർക്കുന്ന കുട്ടികളെ,
കുടയിൽ ചേർന്നൊട്ടിയാദ്യാനുരാഗം നുണയുന്നവരെ
യെല്ലാം മതിവരുവോളം കാണുവാൻ മോഹിച്ച്
ഒന്ന് പുൽകുവാൻ കൊതിയോടെ, സ്കൂൾ മുറ്റത്ത്
ചറുപിറുന്നനെ കാത്ത് നിന്ന് ക്ഷമകെട്ട
മഴയെ ആരും കണ്ടില്ല.
മഴയുടുപ്പിട്ട്, നിരയായി, നിർവികാരരമായി
സ്കൂൾ ബസ്സിലവരേറിപ്പോയപ്പോൾ,
ഇതെന്ത് പിള്ളേരെന്ന് നെടുവിർപ്പിട്ട്, ചമ്മിയ മുഖത്തോടെ
ആർക്കോ വേണ്ടി ചാറിച്ചാറിയിറങ്ങിപ്പോയ
മഴയെ ആരും കണ്ടില്ല.
വീട്ടുമുറ്റങ്ങളിൽ തിരക്കിട്ട്
ചന്നംപിന്നം തുള്ളിയെത്തി, ഒളിഞ്ഞുനിന്നിട്ടും,
മഴയിൽ കളിച്ചുകളിച്ചങ്ങനെ വീടെത്തും കുട്ടികൾ,
ആവിപറക്കുന്ന ചായയും കപ്പയും കാത്തിരിക്കുമടുക്കളപ്പുറം,
മൈലാഞ്ചി മൊഞ്ചുള്ള വേലിപ്പടർപ്പിലെങ്ങോ
ഈറന്ദുനങ്ങാത്ത മുടിയുമായൊരു ചെമ്പരത്തിപ്പെണ്ണ്,
ഒന്നുമൊന്നുമെങ്ങും കാണാനാവാഞ്ഞ്,
ദിക്കറിയാതെ, ഭ്രാന്ത് പിടിച്ചലഞ്ഞ
മഴയെ ആരും കണ്ടില്ല.
ഏങ്ങിയേങ്ങി വന്നപ്പോഴെതിരേൽക്കാൻ
ശൂന്യമായ നഗരങ്ങൾ, നടപ്പാതകൾ
എങ്ങും കൊട്ടിയടച്ച ജനലുകൾ,
അകക്കളികളിൽ മുഴുകിയ ജനങ്ങൾ,
ടിവിയിൽ തെളിയുന്ന ചുവപ്പു ,മഞ്ഞ സൂചനകൾ
ഒഴുക്ക് നിലച്ച കാനകൾ, എല്ലാമെല്ലാം കണ്ട്
മനം മടുത്ത്, നഷ്ടബോധത്താലുഴറി, ഏങ്ങിത്തളർന്ന
മഴയെ ആരും കണ്ടില്ല.
മൊബൈലുകളിൽ പൂക്കുന്ന
നിമിഷകാമനകൾ
പൊടുന്നനെയിതൾ പൊഴിഞ്ഞ് മുമ്പിൽ
വാടിവീഴുന്നതെന്തെന്നറിയാതെ പകച്ചു നിന്ന
മഴയെ ആരും കണ്ടില്ല
ഈറൻമേഘങ്ങളിൽ വിങ്ങുന്ന മൗനവും
മഴനാരുകളിൽ ചുറ്റിപ്പിണയുന്ന പ്രണയവും
മഴവില്ലിൽ വിരിയുന്ന കനവുകളും
വെറുതെ തിരഞ്ഞ്, വ്യഥപൂണ്ട്,
എല്ലാം കൈവിട്ടുപോൽ കലിതുള്ളി,
അലറിക്കരഞ്ഞ് പേമാരിയായ
മഴയെ ആരും കണ്ടില്ല.
ശ്യാമാംബരം, മയ്ക്കുകന്യത്തം, ഈയൽമണം.
വറ്റാപ്പുഴകൾ, ഹരിതവനികൾ,
മരപ്പെയ്ത്ത്, അകലുന്ന തോണിയുതിർക്കും മഴപ്പാട്ട്.
ഇവയൊന്നുമിനിയില്ലെന്നും
ഇനിയിങ്ങോട്ടില്ലെന്നും
സ്വയം പിറുപിറുത്ത്, മുടി ചിക്കിപ്പറിച്ച്,
കരഞ്ഞു കണ്ണീർ വറ്റി ഖിന്നനായ് മടങ്ങിയ
മഴയുടെ മനസ്സാരും ആരും കണ്ടില്ല.



ഉഷ കെ

# കനലോർമ്മകൾ

അകത്തളത്തിലന്ന്
വെയിൽ ചിത്രംവരച്ച
നട്ടുച്ച മറഞ്ഞനേരത്താണ്,
കുഞ്ഞാമിനൂന്റെ കെട്ട്യോൻ
ഇടതുഭാഗമാകെത്തളർന്ന്
കിടപ്പിലായത്.

കെട്ട്യോൾക്കും
രണ്ടുകുട്ട്യോൾക്കും വേണ്ടി
രണ്ടറ്റം മുട്ടിക്കാൻ
കൂലിപ്പണിയെടുത്ത്
കഷ്ടപ്പെട്ടയാളുടെ
പെട്ടെന്നുള്ള കിടപ്പിൽ
കുഞ്ഞാമിനൂന് കദനങ്ങളേറി.

കടുത്ത വേനലിൽ
പെരുത്ത ചൂടിനൊപ്പം
കനത്ത പട്ടിണിയും
കുഞ്ഞാമിനൂന്റെ വീട്ടിൽ
കിടന്നുപൊള്ളി.

കണ്ടവന്റെ പുരയിൽ
കഴുകിയും തുടച്ചും
കുഞ്ഞാമിനു നിരങ്ങിയിട്ടും
കുന്നുകേറിയ കടം
കിടപ്പാടം വിൽക്കേണ്ടിവരുമോന്ന്
കുഞ്ഞാമിനൂന്റുള്ളിലാധി
കുമിഞ്ഞുകൂടി.

കഷ്ടപ്പെട്ടന്ന്
കെട്ടിപ്പൊക്കിയ കൂരയിൽ
കാലമേറും മുമ്പേ
വെയിലെത്തിനോക്കിയപ്പോഴും
കുഞ്ഞാമിനൂനൊട്ടും
പരിഭവമില്ലായിരുന്നു.

കാർമേഘം വിരുന്നെത്തി
കറുപ്പെടുത്തണിയുമ്പോളാണ്
കുഞ്ഞാമിനൂന്റുള്ളിൽ
കഴിഞ്ഞ പ്രളയകാലം
കെടാത്തയോർമയായി
കനലുപെയ്യുക.

കലിതുള്ളിയെത്തിയ
കനത്ത പ്രളയം
കിഴക്കീലെ കദീസൂന്റെ
കിടപ്പാടമൊന്നാകെ
കുടിച്ചുവറ്റിച്ചാണന്ന്
കലിപ്പടക്കിയത്.

കരുണാമയന്റെ
ഖുദ്റത്തോണ്ട് മാത്രം
തലനാരിഴയ്ക്കന്ന് രക്ഷപ്പെട്ടത്
കുഞ്ഞാമിനു എപ്പോഴും
കൃതജ്ഞതയോടോർക്കും.


തുളവീണ മേൽക്കൂര
കത്തുന്ന വെയിലിന്
വഴിയൊരുക്കുമ്പോഴും
കുഞ്ഞാമിനുവും കുടുംബവും
കദനങ്ങളില്ലാതെ കഴിഞ്ഞുകൂടും,
കഴിഞ്ഞ വർഷക്കാലം
കൺമുന്നിലങ്ങനെ
കനലോർമ്മയായെത്തുമ്പോൾ...





**ശഫീഖ് അബ്ദുല്ല**
**പരപ്പനങ്ങാടി**

# പെയ്തു നിറയുമ്പോൾ



ഷീജ പള്ളത്ത്

കണ്ണീർക്കുടമുടഞ്ഞു
പതിച്ചതാണെന്നു
വാനം ഭൂമിയോട്
ഒരോ തുള്ളിയിറ്റുമ്പോഴും.

വരണ്ട ചുണ്ടിലേക്ക്
തേനിറ്റിയതാണെന്ന്
കാത്തിരിപ്പിന്റെയവസാനം
ഭൂമി വിണ്ണിനോട്.

ഓരോ മഴത്തുള്ളിയും
എന്റെ പുനർജ്ജന്മമെന്ന്
ഒഴുക്കു നിലക്കാത്തൊരു പുഴ
കടലിനോടു തർക്കിക്കുന്നു.

പെയ്തു കുളിർപ്പിച്ചതിൽ
ബാക്കിയായ മോഹത്തുള്ളികളെന്ന്
ഇലത്തുമ്പിലിറ്റുന്ന മഴവില്ലിനോട്
നനഞ്ഞു കുതിർന്ന പൂമരം.

നനഞ്ഞ മണ്ണിലേക്ക്
വേരാഴ്ത്തിയ മരങ്ങൾ
ഉള്ളിലൊരു പുഴയുണ്ടെന്ന്
ദലങ്ങളോട്, സ്വകാര്യം പറയുന്നു.

പുതുവെളിച്ചം കണ്ടവിത്ത്
വിതച്ചവന്റെ നെഞ്ചിൽ
മഴകണ്ടമയിലിന്റെ
ചന്തം നിറയ്ക്കുന്നു.

മഴ, വെയിലിനൊപ്പം ചിരിക്കുന്നു
ആഹ്ലാദത്തിന്റെ മഴവില്ലു ചൂടി.



# മഴയ്ക്കു മാത്രം അറിയാവുന്ന ചിലത്

മഴയ്ക്കറിയാം എന്നെ
ഞാനെന്നിലാരുമറിയാതെയൊളിപ്പിച്ച
നോവും കിനാവും.......
എന്നോ ഞാനറിയാതെന്നെ തനിച്ചാക്കി
പോയ് കളഞ്ഞൊരെൻ ജീവിത
വെളിച്ചത്തെ

അന്നു മെനിക്കു മൂക സാക്ഷിയായ്
മിണ്ടാപ്രാണിയായൊരീ മഴ.......

എന്നിലൂടൊഴുകിയിറങ്ങിയ
ഇന്നലെകളുടെ ഇരുട്ടിന്റെ ഭീകരത'
ഞാനിടറിയ, എന്റെ യാത്രകളിലെ
ശോക പാഥേയങ്ങൾ

ഓരോ യുഗാന്തരത്തിലുമെന്നരികിൽ
ഓടിയെത്തി
പതുക്കെ തഴുകിത്തലോടുമ്പോൾ
എന്നിലുറപൊട്ടിയൊഴുകുന്നപുഴയെ
ഹൃദയത്തിലേറ്റുന്ന
മഴയ്ക്കറിയാം
എന്നെ
ആർക്കുമറിയില്ലെങ്കിലും.....

ഒരിക്കൽ
അന്നൊരിക്കലെന്നിൽ കുളിരായ്
ഉന്മാദമായ്
എന്റെ പ്രേമ സാക്ഷിയായ്
ഒരു കുടയിലെന്നെയൊളിപ്പിച്ചിട്ടും
ആർദ്രമായ് നിറഞ്ഞ ചിരിയായ്
കുസൃതിയായെന്നെ നനച്ച മഴയ്ക്കറിയാം
എന്നെ.
ആർക്കുമറിയില്ലെങ്കിലും -

നിറഞ്ഞ
നോവിലും ചിരിക്കുന്നൊരെന്നെ
ദുഃഖങ്ങളെല്ലാം
ഇരുട്ടിലൊളിപ്പിച്ചു കൊണ്ടാ
ർക്കൊക്കെയോ വേണ്ടി
ജീവിതം തുഴയുന്നൊരെന്നെ
മഴയ്ക്കറിയാം

ഇന്നുമെൻ കള്ള ത്തരങ്ങൾക്കു
മൂക സാക്ഷിയായ്
മിണ്ടാപ്രാണിയായൊരീ മഴ



ഹാജറ കെ എം



# മൗസിൻറമിലെ മഴ

മഴ വരുന്നെന്നും പറഞ്ഞ് ഗ്രാമത്തിന്റെ–
വഴിയിലായ് നട്ടൊരാ കനവിന്റെ ചോട്ടിലായ്
മഴ വന്നു, പുഴ വന്നു, കടൽ വന്നു പ്രളയമായ്
ഒടുവിലവശേഷിച്ചൊരിത്തിരി മൺതരി

മഴ വരുന്നെന്നും പറഞ്ഞോടിയെത്തിയ–
ഇടനാഴിയിൽ നിന്ന് സ്കൂളിന്റെയോർമ്മകൾ!
മധുരവും കയ്പും നിറഞ്ഞ നെല്ലിക്കകൾ–
കൊഴിയുന്നതും കണ്ടിരിക്കുന്നതെന്തിനോ?

മഴയിലായ് കണ്ടൽ വനങ്ങളായ് പൊക്കുടൻ–
സ്മൃതിചേർത്ത് വയ്ക്കുന്ന പച്ചത്തുരുത്തിലായ്–
മഴുവെന്തിനെന്ന് ചോദിക്കുന്ന മഴമരം!
തണലെവിടെയെന്ന് വേനൽമരപ്പൂവുകൾ!

മഴവനത്തിൽ കൂടി രാപ്പകൽപ്പക്ഷികൾ–
ചിറകടിക്കുന്നതും ഗൂഢമാം കാടിന്റെ–
കഥകളറിയുന്നവർ മഴയാമസോണിന്റെ
ഹൃദയത്തിൽ നിന്നും നടന്നോരു കുട്ടികൾ

മഴ പ്രണയമഴയെന്നെഴുത്തിലെ പക്ഷികൾ
മഴ കണ്ണുനീരെന്നുടഞ്ഞ മൺഭിത്തികൾ
മഴ നിരാസത്തിന്റെ ലിപിയെന്ന് വിരഹങ്ങൾ
മഴ പ്രളയഭാഷയെന്നോരോ യുഗാന്ത്യങ്ങൾ

നാട്ടുവെട്ടത്തിന്റെ മങ്ങുന്ന തിരികളിൽ,
കൂട്ടുതെറ്റിപ്പിരിഞ്ഞോടുന്ന വഴികളിൽ,
പാട്ടുപാടും മഴയ്ക്കോർമ്മയുണ്ടാകുമോ?
കാറ്റിലാടുന്ന പോൽ നിൽക്കുന്ന പ്രാണനെ!

മഴയെഴുത്തെല്ലാം കഴിഞ്ഞുവോ? ചോദിച്ചു–
മഴമേഘവീട്ടിൽ മൗസിൻറാമിനാകാശം
മഴയിൽ കുതിർന്നുവോ ഖാസിയുടെ കുന്നുകൾ
മഴയിൽ മൗനത്തിന്റെ മുത്തുകൾ പൊഴിഞ്ഞുവോ?




രമാ പിഷാരടി

==========================================================

*മൗസിൻറം – മേഘാലയിലെ മൗസിൻറമാണ് ലോകത്തിൽ ഏറ്റവും കൂടുതൽ മഴ പെയ്യുന്ന പ്രദേശം

# മഴ വായന



രാജൻ സി എച്ച്

മുറുകി നിൽക്കുമെൻ
തന്ത്രിയിൽപ്പിന്നെയും
മഴ തുവരാതെ
വായിക്കയാകുമോ

പ്രണയരാഗമെൻ
ന്നെപ്പൊഴും ജീവനിൽ
വ്യഥ കടയുമാൻ
റത്രയും ഭ്രാന്തമായ്.

മുറിയിലാരുമിൻ
ല്ലെങ്കിലും നിശ്വാസം
പകുതി ചാരിയ
വാതിലിൽ മുട്ടുന്നു.

ഇരുളനന്തമാം
ജീവന്റെ തോണിയെ
തിരയൊതുക്കത്തിൽ
മെല്ലെത്തുഴയുന്നു.

അഴലിനറ്റത്തു
നിൽക്കയാണിപ്പൊഴും
അകലമൊട്ടുൻ
മടുക്കാതെയെങ്കിലും

വെറുതെ കണ്ണു
ചിമ്മുന്നതായ്ത്തോന്നും നിൻ
മിഴികളിലിറ്റു
വീഴുന്ന സാന്ത്വനം.

പരനറിയാത്ത
ശയ്യ തൻ വേപഥു
പരിമൃദുലമാൻ
മേതോ സ്വപ്നത്തിന്റെ

ചിതറി വീഴുന്ന
തൂവലായെന്ന പോൽ
പൊതിയുകയാൻ
ഞുറക്കമായെന്നുടൽ.

ഇനി നനവിൽ ഞാൻ
കൺതുറക്കും വരെ
മഴയതിതാരൻ
സ്ഥായിയിലങ്ങനെ.

കവിത

# ഒറ്റത്തുള്ളി

ഏതുമഴയിലും ആദ്യം
ഭൂമിയെ ചുംബിക്കുന്ന
ഒരൊറ്റ മഴത്തുള്ളി പോലെ
ഓരോ പുലരിയിലേക്കും വഴിയിടുന്ന
ആദ്യ രശ്മി പോലെ
രാവിലാദ്യം തെളിയുന്ന
ഒറ്റ നക്ഷത്രം പോലെ
ആ ദേശത്തയാൾ.
ആ ദേശം പെറ്റതാണവനെയെന്ന മട്ടിൽ.
അവനൊരു
'വർത്തനാന്ന് '
പുതിയ ആളോൾക്ക്
നാട്ടുകാർ പരിചയപ്പെടുത്തിയിട്ടും.

'ഈ പഹയെന് ഒറക്കൂല്യെ'
ന്ന് രാത്രിശീലങ്ങൾക്ക്
ഇറങ്ങുന്ന 'ബാല്യക്കാർ'
പിറുപിറുത്തു.
ഏത് വഴിയിലൂടെ നടന്നാലും
ആ കണ്ണുകൾക്ക് മുന്നിൽ പെടാതിരിക്കില്ല.
പാതയിലും പാടത്തും
ചുരുണ്ടുകൂടുന്ന
പട്ടികൾ,
അയാളുടെ നട്ടുച്ച നടത്തങ്ങളിൽ
കല്ലിൻ നോവറിഞ്ഞു.
നാടിന്റെ കാവലായ്
അയാൾ സ്വയമവരോധിച്ചു.

പുല്ല് തഴച്ച വെളിമ്പറമ്പുകളെ
ചെത്തി തേച്ചു.
പുല്ലൊക്കെ പയ്ക്കളുള്ളോർക്ക്
കൊണ്ടിട്ടു കൊടുത്തു.
അവിടെ നിന്നും ചോറ്
വാങ്ങിത്തിന്നു.
തേങ്ങയുള്ള
വീട്ടിലൊക്കെകേറി, വെട്ടിയുണക്കി
വെളിച്ചെണ്ണയാക്കാം
ചായേം ചോറും മതീന്ന്
തല ചൊറിഞ്ഞു നിന്നു.

കക്കൂസ് കോരാനും,
ചത്ത ആടുമാടുകളെ
കുഴിച്ചിടാനും മടിയേതുമില്ലാതെ
മുന്നിൽ നിന്നു.
'നല്ല പഠിപ്പ് ണ്ട്,
നല്ല ഇള്ളോട്ത്തെ
ചെറുക്കനാ
പഠിച്ചു പഠിച്ചു
തല ഇത്തിരി തിരിഞ്ഞു,
മധുരെന്ന് വന്നതാ.
പിന്നേ ഇവിടെന്ന്യായി.
ജാഗിറേന്നും, ജാഗിരിന്നും
ജാഗീന്നും പലർ വിളിച്ചു.
പെണ്ണും പെടക്കോഴിമില്ലാ
ഒരാലോഗ്യം ഇല്ലാ..'
മുത്തികൾ കുട്ട്യോൾക്ക്
അയാളുടെ കഥ കൈമാറി.

അതാ 'വേം ചോറുണ്ടോ'
'വേം കരച്ചില് നിർത്തിക്കോ '
ഇല്ലേൽ
ആ 'ജാഗിരിക്ക്' കൊടുക്കുംന്നു
അമ്മമാർ കുഞ്ഞുങ്ങളെ
മുൾമുനയിൽ നിർത്തി.
ദേശത്തൊരു കഞ്ചാവ് ബീഡി കേറാതെ,
ആറ്റിലും തോട്ടിലും
തെണ്ടി നടക്കണ പിള്ളേരെ,
പള്ളിക്കൂടത്തിൽ കേറ്റി
പഠിച്ചാലേ ഗതി പിടിക്കൂന്നു
ഉപദേശിച്ച് ,
പെരുന്നാളിനും,
വിളക്കിനും,
പാർട്ടി റാലിക്കും
നബിദിന റാലിക്കും
ഓണാഘോഷത്തിനും
ആളൊപ്പം
'ജാഗിറു'ണ്ടായി.
കൂലി വാങ്ങാതെ പണിത്
കാറ്റിൽ പാറുന്ന ഒറ്റയില പോൽ.
നൂല് കെട്ടും, താലികെട്ടും
കഴിഞ്ഞു
ബാക്കി വന്ന അന്നം
മൂടാൻ എന്നെ കിട്ടില്ലെന്ന്
അയാൾ മുരണ്ടു.

വാരത്തിലൊരിക്കൽ
കുളിക്കപ്പുറം
ആരൊക്കെയോ കൊടുത്ത ഷർട്ടും
നിക്കറുംപാകം നോക്കാതെയണിഞ്ഞു
പൊട്ടിച്ചിരിച്ചു
കറ പിടിച്ച പല്ലപ്പോൾ തെളിഞ്ഞു നിന്നു.

പുതിയ കാലം 'ജാഗിറി'ന്റെ മതം തിരഞ്ഞു.
ദേശവും..
ചോദിച്ചോരോടൊക്കെ
'ഞാൻ മനുഷ്യ മതം.
ഈ ദേശത്തിന്റെ മോനെന്നു
ഉറക്കെ പറഞ്ഞു അയാൾ.
അന്നു മുതൽ നാടയാളെ
അരവട്ടൻന്നു മുദ്ര കുത്തി തുടങ്ങി.



**മനീഷ**



# മഴ നിറവ്

മഴ,
ഒരു നിറവാണ്
പലനിറങ്ങളിലെ
പൂക്കളാണ്......
മൗനം വിട്ടൊഴിയാതെ
മുളച്ചതും
പെയ്താൽ തീരാതെ
നിറഞ്ഞതും
മഴയുടെ കുസൃതികളാണ്....

നോവിച്ചുവിട്ടാലും
മഴ, തുള്ളികളായി
നിറച്ചാലും, പിന്നീട്
നിറയുന്ന മനസ്സിൽ
നിലാവിന്റെ തെളിച്ചമാണ്....

ദൈവത്തിന്റെ അനുഗ്രഹം
പോലെ.....
ആകാശത്ത് നിന്ന്
നമ്മളറിയാതെ വീഴുന്ന
മഴവില്ലിന്നഴകാണ്.....

കുഞ്ഞുങ്ങളിലെ
മുഖത്ത് തെളിയുന്ന
വെളിച്ചംപോലെ.....
മഴ, ഒരു ദീപമായ്
പ്രകാശിതമാണ്.....

മുഴത്തുള്ളിവന്നു തുള്ളിക്കളിച്ചും
മനസ്സുകളിൽ നിന്ന്
മനസ്സുകളിലേയ്ക്ക്
ഒരു ഒളിച്ചോട്ടമാണ്.....
മഴ, അനുഗ്രഹമാണ്....
ആവേശവുമാണ്.....
പെയ്താൽ തീരാതത്രയും
നിറവാണ് മഴ!



കയ്യുമ്മു കോട്ടപ്പടി

# തോണിയിലെ മഴ..

തോണിപ്പാട്ടിന്റെ ചിരി മായ്ച്ച ,
മഴ തിമിർത്തു പെയ്തു.

പാള കൊണ്ട് കുനിഞ്ഞു നിന്ന്
വെള്ളം കോരി കളയുമ്പോൾ,
പുറം വേദനിപ്പിക്കുന്ന മഴ.
വെള്ളം തട്ടി ചീർത്ത് പോയ
കാലടികളിലെ
തൊലികളു ടക്കി വേദനിപ്പിച്ച മഴ,
നനഞ്ഞൊട്ടിയ തുണികൾക്കിടയിലൂടെ
വാരിയെ ല്ലുകൾ തെളിച്ചു വച്ചു .
മഴത്താളത്തിന്റെ തുടിയിൽ ഒട്ടിയ
വയറിലെ തീ ആവിയായി പടർന്നു.
ചോർന്നൊലിക്കുന്ന കൂരയുടെ
ഓർമകൾ കണ്ണിൽ മഴപെയ്യിച്ചു .

തുഴപ്പാടിൽ തോണിയാടി ഉലയുമ്പോൾ,
ഹൃദയത്തിൽ ഇടിവെട്ടി, തോണിക്കാരന്റെ
കണ്ണിൽ ഭയം നിറച്ചു.

തോരാമഴ തോണിയിൽ ചാഞ്ചാടി.
തോണിക്കാരന്റെ ഹൃദയം തകർക്കുമ്പോൾ..

അങ്ങകലെ മഴയിൽ കുട്ടികൾ തുള്ളിച്ചാടി...
മഴ അങ്ങനെയാണ് ഓരോരുത്തരിലും
ഓരോന്നായി പെയ്തു തോരുന്നു



**രാജലക്ഷ്മി മഠത്തിൽ**



കവിത

# കൂടിച്ചേരലിന്റെ മനക്കണക്കുകൾ

സംവദിക്കലിന്റെ മനോഹാരിതയിൽ
ഭ്രമണങ്ങളിലെ ഇടവേളകൾ മായ്ച്ചു കൊണ്ട്
ഒന്നു മറ്റൊന്നിനോട്
ഇടതടവില്ലാതെ കലർന്നുള്ള
പെയ്ത്തുത്സവം...
ഒരേ സമയം തല്ലലിന്റെയും തലോടലിന്റെയും
ത്രസിപ്പിക്കുന്ന ജലപ്പെയ്ത്ത്...
തുള്ളികളിൽ നിന്ന് തുള്ളികളിലേയ്ക്ക്
ഋതുക്കളിൽ നിന്ന്
ഋതുക്കളിലേയ്ക്ക് നീണ്ട
ജലത്തിന്റെ ശയനപ്രദക്ഷിണം...
അതിൽ
കൊരുത്തെടുത്ത മനസ്സുമായി,
കുടഞ്ഞെറിഞ്ഞ വിയർപ്പിന്റെ
വിഴുപ്പൊഴുക്കി,
മഴയൊരുക്കത്തിലലിഞ്ഞ
മണ്ണിന്റെ ഗന്ധമൂറ്റിക്കുടിച്ചു
തികച്ചും ശാന്ത സ്മരണകളോടെ
സ്വയം മറന്നുറങ്ങുന്ന സായാഹ്നനിറങ്ങളെ
വേർതിരിക്കാനുഴലുന്ന
വിഭ്രാന്തിയിൽ വിറകൊള്ളുന്ന മൗനക്കാഴ്ചകൾ...





ഡോ. രമ്യാരാജ്

# മഴക്കണ്ണ്



ഷെജീന ഗുരുവായൂർ

പൊള്ളുന്ന ഭൂമിയും
വരളുന്ന തൊണ്ടയും
നനച്ചീടുവാനൊരു തുള്ളി
ജലത്തിനായ് വിലപിച്ച നേരം
മണ്ണിൽ മാനത്തിന്റെ
അശ്രുക്കളടർന്നു വീണു.

ഇടതടവില്ലാതെ പെയ്തോരാ
മാരിയൊടുവിൽ പേമാരിയായ്
പ്രേത രൂപവും പൂണ്ടു..

പുരനിറഞ്ഞു
പുഴയും കവിഞ്ഞു
തൊടിയും തോടുമൊന്നായ നേരം
മുറ്റത്തു തലപൊക്കി നിൽക്കും തേക്കും
നിറയെ കായ്ച്ച ഞാവലും
പൂത്തുലഞ്ഞ തേൻമാവുമൊന്നിച്ചു
കടപുഴകിയാ
കടലിൽ ചെന്നു നീന്തിക്കളിച്ചു.

ആർത്തലച്ചു
പെയ്തിട്ടും
മതി വരാത്ത
മഴമേഘപാളികൾ
പിന്നെയും രൗദ്രഭാവം
അണിഞ്ഞിടുമ്പോൾ
ശിഥിലമായിടുന്ന
ജീവിതങ്ങളെയോർത്ത്
വിതുമ്പിയും,
അസഹ്യമായ ചൂടേറ്റു
കരിഞ്ഞു പോയ
ഉൾത്തടത്തിനു കുളിരേകിടാൻ
പുതുമഴക്കായ്
മനമുരുകി പ്രാർഥിച്ചവർ
മഴയെ ശപിച്ചു !



കവിത

# വിത്തും മഴയും



ചുട്ടു പഴുത്തൊരു ധരിത്രി
തൻ മാറിലൊളിച്ചു കിടക്കവേ
കാർമേഘക്കൂട്ടം കാണും നിമിഷം
നിറഞ്ഞു തുളുമ്പുന്നൊരാ കാത്തിരിപ്പ്
മനമാകെ മാതൃഭാവം പ്രസരിക്കവേ
എന്നുള്ളിൽ തിങ്ങിടും നാമ്പുതന്നെ
എത്തിനോക്കി തലകാട്ടാൻ വെമ്പലായ്
ആദ്യത്തെ തുള്ളി എന്മേൽ പതിക്കവേ
കുളിരണിഞ്ഞങ്ങു പിടഞ്ഞു പോയി
പച്ച പാവാടയണിഞ്ഞ പെൺകൊടിപോൽ
പാദസ്വരം കിലുങ്ങിയെൻ സ്വപ്നത്തിൽ
പെയ്തൊഴിയാതെ മാറിനിന്ന മഴയെ
തലയാട്ടി പുറത്തേക്കെത്തി നോക്കി
ഗർഭഗൃഹം വിട്ട പൈതൽ പോൽ
ആനന്ദ കരച്ചിൽ പടർത്തി ഞാൻ
ഏഴുനിറങ്ങൾ മാനത്തു നിരക്കവേ
എൻമനത്തിലും മഴവില്ല് മാത്രമായി



ശ്രീശുഭ

# നീ......



ശ്രീജവാരിയർ

ഒരു മഴത്തുള്ളി വന്നെന്നെ തൊട്ട മാത്രയിൽ
കുളിരായി നീയെന്നിൽ പെയ്തു തോർന്നുവോ
ഒരു നീർക്കണം മൃദുവായി പുൽകി നിൽക്കവെ
നിന്നെയിന്നെന്നിൽ വരച്ച് ചേർത്തുവോ......
നേർത്ത തെന്നലിൽ ഊളിയിട്ടെന്നിലെ
ഓർമ്മയിൽ നീയും മുങ്ങി നിവർന്നുവോ
നീയെന്ന വീഥിയിൽ പദനിസ്വനം തീർത്ത്
തലതല്ലിക്കരയുന്ന ചെറു ചാറൽ കാണവെ
മഴവില്ല് പൂക്കുന്ന മാനവും മേഘവും
നാണിച്ചു നമ്രശിരസ്ക്കരായ് നിൽക്കുന്നു.
കളകളം പാടുന്നു പുഴ പോലെ പ്രണയവും
ഉരുകിയൊലിച്ചൊഴുകുന്നു നൊമ്പരം
എന്നിൽ നീ തീർത്ത അവശേഷിപ്പുകൾ മാത്രം
ചെറുചാലായ് മാറുന്നു
ഒഴുകിയകലുന്നു.

ലേഖനം



ശ്രീനന്ദിനി സജീവ്

# മഴക്കവിതകളുടെ പഠനം

**'മഴ'** ലാളിത്യവും ഭീകരതയുമുൾക്കൊണ്ട രണ്ടക്ഷരമാണ്. ഇതിനിടയിലെവിടെയൊക്കെയോ പതിഞ്ഞുപോകുന്ന പുഴു മുതൽ മനുഷ്യൻ വരെയുള്ള ജീവികളുടെ പലമാന ജീവിതങ്ങളുടെ പകർത്തുപാട്ടാകുന്ന വാക്ക്. കവികളും കലാകാരന്മാരും എന്നുമെന്നും ഹൃദയ വഴികളിൽ ചേർത്തുവെക്കും പദം, ലോകേശ്വരിയായ പ്രകൃതിയുടെ ഓമനമകൾ, സൃഷ്ടിയുടെ ,പുത്തൻ അനുഭൂതികളുടെ, പ്രണയരാഗം ..!

മഴക്കവിതകളുടെ ഈ വിശേഷാൽപ്പതിപ്പിൽ , സുഗതകുമാരി ടീച്ചർ എഴുതിയ മൂന്നു മഴക്കവിതകളും , കൽപ്പറ്റ നാരായണൻ മാഷിന്റെ ഒരു മഴക്കവിതയും തിരഞ്ഞെടുത്തു. മലയാളത്തിൽ എഴുതപ്പെട്ട മഴക്കവിതകളുടെ എണ്ണം ഒരുപക്ഷേ എണ്ണി തിട്ടപ്പെടുത്താൻ കഴിഞ്ഞെന്ന് വരില്ല . എന്നാൽ പ്രസിദ്ധീകരിക്കപ്പെട്ടവയിൽ , ആ പ്രകൃത്യൽഭുതത്തിന്റ സത്തയുൾക്കൊണ്ടവ അപൂർവ്വമാണ് താനും . അങ്ങിനെയുള്ള കവിതകളും നിരവധിയുണ്ടെന്നിരിക്കെ,വായിച്ചു മറഞ്ഞവയിൽ നിന്നും ചില കവിതകളുടെ തിരഞ്ഞെടുപ്പ് പ്രയാസപ്പെടുത്തുന്നതായിരുന്നു. എങ്കിലും മലയാളമുഖം കാണുന്ന കണ്ണാടിപോലുള്ള നാലു കവിതകളെടുത്തു. ഞാനേറെ സ്നേഹിക്കുന്ന രണ്ടു പേരുടെ പ്രിയപ്പെട്ട വരികൾ . സുഗതടീച്ചർ എഴുതിയ മഴത്തുള്ളി (അമ്പലമണി),തുലാവർഷപ്പച്ച (തുലാവർഷപ്പച്ച),രാത്രിമഴ (രാത്രിമഴ), കൽപ്പറ്റ മാഷിന്റെ ആകാശമിഠായി (കറുത്ത പാൽ).

**മഴക്കവിതകളുടെ ഈ വിശേഷാൽപ്പതിപ്പിൽ , സുഗതകുമാരി ടീച്ചർ എഴുതിയ മൂന്നു മഴക്കവിതകളും , കൽപ്പറ്റ നാരായണൻ മാഷിന്റെ ഒരു മഴക്കവിതയും തിരഞ്ഞെടുത്തു. മലയാളത്തിൽ എഴുതപ്പെട്ട മഴക്കവിതകളുടെ എണ്ണം ഒരുപക്ഷേ എണ്ണി തിട്ടപ്പെടുത്താൻ കഴിഞ്ഞെന്ന് വരില്ല . എന്നാൽ പ്രസിദ്ധീകരിക്കപ്പെട്ടവയിൽ , ആ പ്രകൃത്യൽഭുതത്തിന്റ സത്തയുൾക്കൊണ്ടവ അപൂർവ്വമാണ് താനും .**

## തുലാവർഷപ്പച്ച

ആമുഖം വേണ്ടാത്ത, മലയാളകവിതയുടെ സ്നേഹ സാന്നിധ്യമായ സുഗതകുമാരി ടീച്ചർ എഴുതിയ 'തുലാവർഷപ്പച്ച' പേരിനോളം നമ്മെ കൊതിപ്പിക്കുന്ന കവിതയാണ് . ഇവിടെ മഴ പെയ്യുന്നത് അട്ടപ്പാടി മലമുകളിലാണ് .. പ്രകൃതിയുടെ സ്വകാര്യതകളെ ഒരു ജീവിതം പോലെ എഴുത്തിന്റെ

ക്യാമറക്കണ്ണാൽ ഒപ്പിയെടുത്ത് നമുക്ക് സമ്മാനിച്ച ഈ വരികളുടെ തുടക്കം നോക്കുക

‘മഴ പെയ്തുപോലാദ്യം
പനിനീർ തളിച്ചപോൽ !
മഴ പെയ്തു പോൽ വാരി
മുല്ലപ്പൂ വിതറുമ്പോൾ !
മഴപെയ്തു പോൽ പിന്നെ
ച്ചിരിയായ് കരച്ചിലായ്
മഴ പെയ്തു പോൽ വിണ്ണിൻ
കരുണാപ്രവാഹമായ് ! ...

വിവാഹം പോലുള്ള സുന്ദര നിമിഷങ്ങളിൽ തളിക്കുന്ന സുഗന്ധപൂരിതമായ ആ ദ്രാവകം പോലെ ...അതെ ,മഴ ആദ്യം മലമുകളിൽ ഒന്ന് പനിനീർ തളിച്ചു പോയി ! പുതുമണ്ണിന്റെ ഗന്ധമാർന്ന അട്ടപ്പാടി മലനിരകൾ ! പിന്നീട് മുല്ലപ്പൂ വാരിവിതറും പോലെ വന്നു പോയ മഴ ! ചിരിയായി ,കരച്ചിലായി മലമുകളിലേക്ക് ആകാശത്തിന്റെ കരുണാപ്രവാഹമായി വന്നു നിറയുകയാണ് മഴയിവിടെ . പെട്ടെന്ന് പെയ്യുന്ന ഒരു മഴയുടെ കാണാക്കാഴ്ചകളെ എത്ര സൂക്ഷ്മമായി കവിമനസ്സിവിടെ നിരീക്ഷിച്ചിരിക്കുന്നു .വിരഹിയായ അട്ടപ്പാടിയുടെ കാമുകൻ ആകാശത്തിന്റെ പ്രണയ വിരലുകളാകുന്ന മഴയാണ് . ശുഷ്കമായ മാറോടെ, ആവലാതിയുള്ള മനസ്സോടെ,പൂക്കാതെ തളിർക്കാതെ കിടന്നിരുന്ന അവളിലേക്കെത്തുന്ന കാമുകൻ ..

പെട്ടെന്ന് അവൾ അമ്പരക്കുകയാണ് . തീരെ പ്രതീക്ഷിക്കാതെ വന്നുള്ള ആ നിൽപ്പും കുസൃതിയും അവൾക്കിഷ്ടവുമാണ് .വരണ്ടു കിടക്കുന്ന മലനിരകൾക്കാദ്യം അമ്പരപ്പാണുണ്ടായത് .പിന്നീട് ഇരു കൈകളും നീട്ടി ഒരു തേങ്ങലുണർന്നു ‘വരിക ..വരിക എന്നോമനെ ...‘എന്നവൾ മൊഴിഞ്ഞപ്പോഴേക്കും പ്രേമമായ് , സൗന്ദര്യമായ് യൗവ്വനാഹ്ലാദം പോലെ ഒഴുകി നിറയുകയാണ് മഴ !സുഖാർദ്രമായ ഉമ്മകൾ നൽകി സല്ലാപത്തോടെ ഏഴു രാത്രികളാണ് അയാൾ നിന്ന് പെയ്യുന്നത് .ദുഃഖമെല്ലാം അകന്നപ്പോൾ പച്ച നിറത്തിലുള്ള റൗക്കയും ഇരുണ്ട പച്ചപ്പട്ടുമുടുത്ത് ,കരിമ്പിൻ പൂങ്കുലകൾ വാരിച്ചൂടിയ അട്ടപ്പാടിയിപ്പോൾ ചിരിച്ചു വശായി ,നവശ്യാമ വധുപോലെ ലജ്ജാവതിയായിട്ടാണ് നിൽപ്പ് .

ഇന്നലെവരെ ഭിക്ഷക്കാരിയെപ്പോലെയിരുന്നവൾ, ശുഷ്കമായ മാറുമായി വെയിലേറ്റു മയങ്ങിക്കിടന്നവൾ ,കണ്ണീരുപോലും വറ്റിയവൾ,ആർക്കും വേണ്ടാതെ ദുഖിതയായി ,അനാഥയായി ,ഭ്രാന്തിയെപ്പോലെ അലഞ്ഞവളാണിന്നു മോഹിനിയായി, പ്രേമവതിയായി മാറിയത് .ഇതാരുടെ മായത്തൂവലെന്ന കാവ്യഗതിയിൽ വായനക്കാരനും സന്തോഷിക്കുന്നു .കുളിരായി കാറ്റു വീശുന്നുണ്ട് ‘കാറ്റു വീയുന്നു ...‘എന്ന പ്രയോഗത്തിലൂടെയാക്കാറ്റിനു സകലമാന മൃദുത്വവും കൽപ്പിച്ചു കൊടുക്കുന്നുണ്ട് ടീച്ചറിവിടെ .മഴവില്ലുപോലെ മാറിൽ ചായുന്ന വനമാലകളെ കാണാം.കളിയായി അവ മലയുടെ ചുടു മാറിൽ തൊടുന്നുമുണ്ട് .മിന്നൽ ചന്ദനക്കുറിതൊട്ടോൻ ,കരിമുകിൽ വടിവാർന്നവൻ, തന്റെ മന്ത്രികവിരലാൽ ഓടപ്പുല്ലി നെപ്പോലും തഴുകുന്നവൻ ,അവനാണ് ലോകമിതു വരേക്കും കണ്ട അനുരാഗികൾക്കെല്ലാം മുന്നിൽ നിൽക്കുന്നവൻ .അവൻ തന്നെയാണ് മൂകമായിരുന്നു പരിതപിക്കുന്ന ഈ മരുഭൂമിയിലേക്ക് വസന്തമായി ഇപ്രകാരത്തിൽ പെയ്തിറങ്ങിയത് .അപ്പോൾത്താന്നെയാകെ കുളിർത്തു പൂത്തിരുണ്ടവൾ ...തഴച്ചു വളർന്ന പച്ചയായി ...സൗഭാഗ്യമായി ആർദ്രയായി മാറി...

‘കുളിരെയല്ലോ കാറ്റു
വീയുന്നൂ ...വനമാല
മഴവില്ലു പോൽ മാറിൽ
ചായുന്നൂ ,കളിച്ചോന്നു
മലതൻ ചുടുമാറിൽ
തൊടുന്നൂ ,കരിമുകിൽ
വടിവാർന്നവൻ ,മിന്നൽ-
ച്ചന്ദനക്കുറി തൊട്ടോൻ
വിരലാലോടപ്പുല്ലു
തഴുകുന്നവൻ ,ലോക
മിതു നാളോളം കണ്ട
രാഗികൾക്കെല്ലാം മുമ്പൻ !

അട്ടപ്പാടിയുടെ പുത്തൻ പട്ടുചേലയിൽ കണ്ണീരൊപ്പി നിൽക്കുന്ന കവിയെക്കാണാം നമുക്ക് .ഇതൊരു സ്വപ്നമാണോയെന്ന് സന്തോഷാധിക്യത്താൽ ചിന്തിക്കുമ്പോ

ഴും ഇത് വെറും സ്വപ്നമാണെന്നും ,നാളെയീ ഭൂപ്രദേശത്തിൽ വീണ്ടും വെയിലും പൊടിക്കാറ്റുമെത്തിടുമെന്ന യാഥാർഥ്യത്തെ അംഗീകരിക്കുന്നുണ്ട് കവി .വീണ്ടും കണ്ണീർ വറ്റിയവൾ തളർന്നൊരു തീരാ ദുഖമായി മാറുമെന്നും പറയുന്നു .എങ്കിലും സാരമില്ല .പത്തുനാളെങ്കിലും നിന്റെ മാറിൽ ആറുപോലെ സ്നേഹാർദ്രതയൊഴുകീലയോ ?പച്ച നിറഞ്ഞീലയോ ?കരിമ്പിൻ കതിർപ്പൂക്കൾ ചുറ്റി നിന്നീലയോ ?കുളിർക്കാറ്റിന്റെ താലോലത്താൽ കുലുങ്ങീലയോ ?നിന്റെ മലമുടികൾ മദം പൊട്ടിയൊഴുകീലയോ? ചത്തോരാറ്റിലും വെള്ളം കുത്തി മറിഞ്ഞു ചിരിയടക്കാനാകാതെ കുഴങ്ങീലയോ ? നാടൻ പൂവുകൾ വാരിക്കോരി വിരിഞ്ഞീലയോ ? അവ മണം ചൊരിഞ്ഞീലയോ ? തുമ്പിച്ചിറകുകൾ നൂറായിരം വെയിലേറ്റു തിളങ്ങീലയോ ? എന്നിങ്ങനെ ആശ്വാസസീമകൾ തേടുന്നുണ്ട് കവി .ഇനിയും വരൾച്ചയാണെങ്കിലെന്താ ഒരിക്കൽക്കൂടി നീ പ്രേമത്തിൻ മധു നുകർന്നില്ലയോ എന്ന് ആശ്വസിപ്പിച്ചാണ് കവിത അവസാനിപ്പിക്കുന്നത് .

സുഗതടീച്ചറുടെ കവിതകളിലെ സർവ്വം സഹയെന്ന സ്ത്രീചിത്രത്തിൽ നിന്നൊരുപാട് മാറിയിട്ടുണ്ട് ഇന്നത്തെ സ്ത്രീ സമൂഹം എന്ന യാഥാർഥ്യത്തെ അംഗീകരിച്ചു വേണം ഈ വരികളിലൂടെ കടന്നുപോകാനെന്നതു ശ്രദ്ധേയമാണ് . പട്ടുചേല ചുറ്റി,കസവു റൗക്കയിട്ട് അണിഞ്ഞൊരുങ്ങി നടക്കുന്ന പതിവിൽ നിന്നും അത്യാവശ്യം ചില ആഭരണങ്ങളിലേക്കും അലങ്കാരമില്ലാത്ത വേഷങ്ങളുടെ ശീലങ്ങളിലേക്കും എത്തിയിട്ടുണ്ട് ഇന്ന് ബഹുഭൂരിപക്ഷവും ..

എങ്കിലും പ്രണയത്തിൽ മാത്രം സാധ്യമാകുന്ന സ്വയം സമർപ്പിത മനോഭാവത്തെ പരിചിതമായ കണ്ണുകളാൽ നോക്കിക്കാണുകയുമാവാം .പ്രകൃതിയെ ഉപാസിച്ചു ഈശ്വരനായി കാണുന്ന പരിസ്ഥിതി സൗഹൃദമാണ് കവിതയുടെ ഇതിവൃത്തം .മലമുകളിൽ പുതുമഴ പെയ്യുന്നതിന്റെ സുന്ദരദൃശ്യം ഇതുവരെ കാണാത്തവരിലേക്കു കൂടി പകർന്നു നൽകുന്ന വാക്ചാതുര്യത്തിന്റെ മകുടോദാഹരണമാണ് ഈ കവിത.

## മഴത്തുള്ളി

'ഉച്ച വെയ്‌ലേറ്റു നടക്കവേ നെറ്റിമേ -
ലിറ്റിറ്റു വീണൂ മഴത്തുള്ളി !
ഞെട്ടി ഞാൻ നോക്കവേ വനിലൂടുണ്ടൊരു
കൊച്ചുകരിമുകിൽ നീങ്ങുന്നൂ '

ഒരൊറ്റ മഴത്തുള്ളിയിലൂടെ ആകാശത്തിലൂടെ സഞ്ചരിക്കുന്ന മുകിലിനെ കവിയുടെ മാനസിക വിചാരങ്ങൾ പങ്കു വെക്കാനുള്ള മാധ്യമമാക്കുന്നുണ്ടിവിടെ .കവിതയിൽ മുകിലൊരു പെണ്ണായും പിന്നീട് ഗോപസ്ത്രീയായും പരിണമിക്കുന്നുണ്ട് .ഒരൊറ്റ തുള്ളി നെറ്റിയിൽ വീണപ്പോഴാണ് കവി ആകാശചാരിയായ ശ്യാമ മേഘത്തിനെ കാണുന്നത് .നിറഞ്ഞ കുടവുമെടുത്ത് ധൃതിയിൽ പോകുമ്പോൾ ഇറ്റു വീണതാവാം ആ ജലത്തുള്ളി .പൊടുന്നനെ പുറകിൽ നിന്നും ഒരോടക്കുഴൽ വിളി കേൾക്കുന്നുണ്ടോ ? അതൊരു പക്ഷെ സന്ദേഹമാകാം .അപ്പോൾ ഗോപസ്ത്രീയെപ്പോൽ ആ മുകിൽ ,കണ്ണൻ വന്നാലുണ്ടായേക്കാവുന്ന വിഷമതകൾ (ചിലപ്പോൾ കലമുടയാം ...അതിലെ മുകിൽപ്പാല് മോഷണം പോകാം )ആലോചിച്ച് വേഗം നടന്നതിനാൽ ഒന്ന് കൂടി മുകിൽക്കലം തുളുമ്പുകയാണ് .

പെട്ടൊന്നൊരോടക്കുഴൽവിളി കേട്ടിവൾ
ഞെട്ടിത്തിരിഞ്ഞൊന്നു നിന്നേപോയ്
ഒക്കത്തിരിക്കും കുടത്തിൽ നിന്നപ്പൊഴോ -
രിത്തിരി വെള്ളം തുളുമ്പിപ്പോയ് '

നീ വിഷണ്ണയായ് നിൽക്കേണ്ട വേഗം പോകൂ .ഞാനും ആ 'പൊൽക്കുഴൽ 'കേട്ടല്ലോ എന്ന് പറയുകയാണ് .ആ വാക്ക് നോക്കുക .പൊന്നോടക്കുഴൽ പൊൽക്കുഴലായി ചുരുക്കി കവിതക്കനുയോജ്യമാക്കിയിരിക്കുന്നു .ഈ കണ്ണൻ ഇതിന്നും ഇന്നലെയും തുടങ്ങിയ ലീലയൊന്നുമല്ല .ഇതെല്ലം നമ്മെ കുഴക്കുവാൻ മാത്രമാണ് .ഏതായാലും നിന്റെ കുളിർ ഇറ്റ് വീണത് എന്റെ ജീവിത പ്രാരാബ്ധങ്ങളാൽ പൊള്ളുന്ന നെറ്റിമേലാണല്ലോ എന്ന് കവി .അതൊരു പ്രതീക്ഷയാണ് .ആ ജലത്തുള്ളി ശുഭാപ്തി വിശ്വാസത്തിന്റെ പ്രതീകമാണ് .മഴയെന്നും അങ്ങനെയാണല്ലോ ജന്മജന്മാന്തരങ്ങളായി ജീവ

നെ ഭൂമിയുമായി ബന്ധിപ്പിച്ചു നിൽക്കുന്ന ആ അമൂല്യ ബന്ധം നമ്മെ പ്രകൃതിയുടെ ബന്ധുവാക്കുന്നു .

## രാത്രിമഴ

മലയാള കവിതയിൽ സംഭവിച്ചിട്ടുള്ള മഴക്കവിതകളിൽ വച്ചേറ്റവും ഗരിമയുള്ള കവിതയെന്നു നിസ്സംശയം ഈ കാവ്യത്തെ വിശേഷിപ്പിക്കാം . രാത്രി പെയ്യുന്ന മഴയുടെ സംഗീതം ഇഷ്ടപ്പെടാത്തവരുണ്ടാവില്ല .നിശ്ശബ്ദതയിൽ ,,പല തരത്തിലുള്ള മിണ്ടിപ്പറച്ചിലുകളായി വന്ന മഴ . രോഗം മൂലം ആശുപത്രിയിൽ ഉറങ്ങാതിരുന്ന ഒരുവളിൽ മഴയുടെ കൈകൾ നൽകിയ ആശ്വാസത്തിന്റെ കഥയാണിത് .തന്റെ ആത്മാംശം കലർത്തിയെഴുതുന്ന ശീലം മറ്റു കവിതകളിലെന്ന പോലെ ഈ കവിതയിലുടനീളം കാണാം .

ഏതു സന്ദർഭത്തിലും രാത്രിമഴ അതിന്റെ ഭാവുകത്വത്തിന്റെ അതീവ സുന്ദരമായ തലങ്ങളിൽ ,ഈണത്തിന്റെ ,നേർത്ത നൊമ്പരത്തിന്റെ , അനാഥത്വത്തിന്റെ ... തന്ത്രികൾ മീട്ടി നമ്മെ തൊടുമെന്നത് അത്ഭുതമാണ് . അതീ ഭൂമിയിലെ മുഴുവൻ പെണ്ണുങ്ങളുടെയും സ്വകാര്യ ദുഃഖങ്ങളുടെ ,ഒറ്റപ്പെടലിന്റെ കഥയാകുന്നു .

രോഗാതുരയായി ആശുപത്രിയിൽ കഴിയുന്ന ഒരുവളുടെ ഏകാന്തയിലേക്കു കൂട്ടുകാരിയെപ്പോലെയെത്തുന്ന മഴ . ചുമ്മാതെ കേണും ചിരിച്ചും വിതുമ്പിയും നിർത്താതെ പിറുപിറുക്കുന്ന ഒരു യുവതിയായ ഭ്രാന്തിയെപ്പോലെയവൾ നീണ്ട മുടിയഴിച്ചിട്ടു കുനിഞ്ഞിരിക്കുകയാണ്.

ആശുപത്രിക്കുള്ളിലേക്ക് ഒരു നീണ്ട തേങ്ങലായി ഒഴുകി വന്നെത്തി ആ കിളിവാതിലിനിടയിലൂടെ നീണ്ട വിരൽ നീട്ടി കവിയെ തൊടുന്ന ശ്യാമ രാത്രിയുടെ ദുഃഖിതയായ പുത്രി . ജീവനും പ്രകൃതിയും തമ്മിൽ വല്ലാത്ത ഒരേകീകരണം കാണാമിവിടെ .ഇവിടെ ഒറ്റപ്പെടുന്നവർക്കുള്ള ,രോഗാതുരമായ മനസ്സിന് സംഗീതമെന്ന പോൽ അവളുടെ മൃദുഗീതം അവളെ സമാധാനിപ്പിക്കുന്നു

നോവിന്റെ ,ഞെരക്കങ്ങളും ഞെട്ടലുകളും ,തീക്ഷ്ണ സ്വരങ്ങളും അലട്ടുന്ന ആശുപത്രിമുറിക്കുള്ളിലേക്ക് പൊടുന്നനെ ഒരമ്മയുടെ ആർത്തനാദം വന്നലയ്ക്കുകയാണ് . 'ഞാൻ നടുങ്ങി ' ആ വാക്കിന്റെ പ്രതിധ്വനി നമ്മളിലേക്ക് കൂടി പകർന്നു തരുന്നുണ്ട് കവി.

ആശ്വാസ വാക്കുമായി എത്തുന്ന പ്രിയജനം പോലെ ....

മുറിച്ചു മാറ്റാം എന്ന് വിധി കൽപ്പിക്കപ്പെട്ട കേടു വന്ന അവയവത്തിനേക്കാൾ കേടായ പാവം മനസ്സ് .അതിനെ എന്ത് ചെയ്യണമെന്നറിയാതെ കുഴങ്ങുന്നുണ്ട് കവി .

വേദനയിൽ മാത്രമല്ല തന്നെ ചേർത്ത് നിർത്തിയിട്ടുള്ളത് ഈ മഴകൂട്ടുകാരിയെന്ന് സന്തോഷത്തോടെ ഓർക്കുന്നു . സൗഭാഗ്യരാത്രികളിൽ ചിരിപ്പിച്ചു കുളിർ കോരിയണിയിച്ച, വെണ്ണിലാവെക്കാൾ സുഖം തന്നുറക്കിയ അന്നത്തെ പ്രേമത്തിനു സാക്ഷി കൂടിയാണവൾ .

ഇന്നവൾ ഈ രോഗാവസ്ഥയിൽ, ഉറക്കമില്ലാത്ത രാത്രികളിൽ ഇരുട്ടിൽ തനിച്ചു ശിലപോലെ മരവിച്ചിരിക്കുമ്പോൾ രാത്രിമഴ ദുഃഖത്തിനാണ് സാക്ഷിയാകുന്നത് .

അവസാന ഭാഗത്തിൽ ആദ്യത്തേതിനേക്കാൾ തന്മയീഭാവം വന്നു ചേർന്ന് കഴിഞ്ഞിരിക്കുന്നു . ശോകാർദ്രമായ സംഗീതമറിയാൻ തക്കവണ്ണം വരികളിൽ ആ ബന്ധം നിഴലിക്കുന്നു . അവളുടെ അലിവും അമർത്തുന്ന തേങ്ങലും ഇരുട്ടത്തെ വരവും തനിച്ചുള്ള തേങ്ങി കരച്ചിലും എല്ലാമെല്ലാം അറിയുന്നവളാണിന്ന് കവി . അതിനു കാരണവും കവി തന്നെ കണ്ടെത്തുന്നു .

'അറിയുന്നതെന്തു കൊണ്ടെന്നോ
സഖീ, ഞാനുമിതുപോലെ ,
രാത്രിമഴ പോലെ !'

ആകാശമിഠായി (കൽപ്പറ്റ നാരായണൻ)

അടിമുടി കവിതയായൊരാൾ ! നാരായണൻ മാഷിനെ ഏറ്റവും ചുരുക്കത്തിൽ അങ്ങനെ വിശേഷിപ്പിക്കാം .നിരീക്ഷണ പാടവത്തിന്റെ ഏറ്റവും സൂക്ഷ്മ തലങ്ങളെ വളരെ യുക്തിയോടു കൂടി ഒരു ശാസ്ത്രകാരനെപ്പോലദ്ദേഹം അവതരിപ്പിക്കുമ്പോൾ പക്ഷെ , ശാസ്ത്രത്തിനു അതീതമായ മറ്റൊന്ന് കൂടി കവിതയിലുണ്ടാവുന്നു .അതാണ്

ജീവിതം ...കവിതയിൽ ഏറ്റവും ചുരുങ്ങിയ വാക്കുകൾ ഉപയോഗിക്കണമെന്ന് കർക്കശ്യമുള്ളൊരാൾ .ദാർശനികമായ തലങ്ങളിലൂടെ ജീവിതാനുഭവങ്ങളെ നോക്കി കാണുന്നതിൽ സർഗ്ഗപരതയെ കൂട്ടിയിണക്കുന്ന രസതന്ത്രം പ്രാപ്തമായൊരാൾ !

അദ്ദേഹത്തിന്റെ ആകാശമിഠായി പല പല അർത്ഥങ്ങളിൽ നമ്മളിലേക്ക് അരിച്ചിറങ്ങുന്ന മഹാകാവ്യമാണ് . മഴ ഒരുവൾക്കു പേരായാൽ എങ്ങനെയിരിക്കും എന്ന അതിവിചിത്രമായ ചിന്തയിൽ മഴയുടെ ജീവിതഗന്ധം പല പല സന്ദർഭങ്ങളാകുന്ന മുത്തുമണികളായി കവിതയിൽ കോർത്ത് മാല്യം.

ബഷീറിന്റെ പ്രേമലേഖനത്തിലെ സാറാമ്മയും കേശവൻ നായരും തങ്ങളുടെ കുഞ്ഞിന് നിശ്ചയിക്കുന്ന പേരാണ് 'ആകാശമിഠായി '. ഇവിടെ ആകാശമിഠായി മഴയാണ് . ആ പേരിലെ ആകാശപരതയാണ് പ്രതിപാദ്യ വിഷയം . മഴ എല്ലാവരുടെയും സ്വന്തമാണ് . ഒരു പെൺകുട്ടി 'മഴ 'എന്ന പേരിൽ വളർന്നാൽ എന്താകുമെന്ന ചിന്തയുടെ കാവ്യാത്മകത അതിശയകരമായിരിക്കുന്നു .

കവിതയുടെ ആരംഭം ഇങ്ങനെയാണ്

'കൂട്ടുകാരന്റെ മകൾ
മഴയാണെന്നറിഞ്ഞപ്പോൾ
മനസ്സ് തെളിഞ്ഞു .
സാറാമ്മയുടെയും
കേശവൻ നായരുടെയും
സങ്കടം
വൈകിയാണെങ്കിലും
കേൾക്കപ്പെട്ടു ! '
വംശമുദ്രയില്ലാത്ത
ജാതിമുദ്രയില്ലാത്ത
ജീവജാതികൾക്കെല്ലാം മീതെ

തുല്യമായ ഉല്ലാസത്തോടെ പെയ്തിറങ്ങുന്ന മഴ ആദ്യമായൊരുവളുടെ പേരായിരിക്കുന്നു .

'കുഞ്ഞിലേ അവൾക്കു പേരായി 'എന്ന് പറയുമ്പോൾ ഇന്നാളുകൾ പേരെടുക്കാനോടുന്ന നെട്ടോട്ടത്തിനെ കുറിച്ച് രസകരമായി ഓർമ്മിപ്പിക്കുന്നു .പിന്നീട് കവിതയിലുടനീളം മഴയുടെ പേര് സൂചിപ്പിക്കുന്ന ദ്വയാർത്ഥങ്ങളിൽ കവിത പൂക്കുകയാണ് .

'മഴ മഴയത്തു തുള്ളിച്ചാടുന്നു '
'ഉച്ചയായിട്ടും മൂടിപുതച്ചുറങ്ങുന്ന മഴ '
'മഴയ്ക്ക് മാറാത്ത ജലദോഷമുണ്ടെങ്കിൽ
പേരിന്റെ ദോഷമാണെന്നു പറയുമോ വൈദ്യർ ?'

ഇങ്ങനെ മഴയെ കളിയാക്കുകയും മറ്റും ചെയ്യുന്ന സഹപാഠികൾ ,അയൽക്കാർ ,എല്ലാം പറഞ്ഞു പോകുമ്പോഴും മഴയുടെ സ്വഭാവവും മനുഷ്യന്റെ വിചാരധാരകളും സംഗമിക്കുന്ന ചെറു പ്രവാഹങ്ങളിൽ വായനക്കാരൻ പെട്ട് പോകുന്നുമുണ്ട് .

ഒരുവളുടെ ജീവിതത്തിലുണ്ടായേക്കാവുന്ന ,അവൾ നേരിടേണ്ടതായ സന്ദർഭങ്ങളിലെല്ലാം എങ്ങനെ അതിനെ തരണം ചെയ്യണമെന്ന് മഴയുടെ വിവിധ ഭാവങ്ങളിലൂടെ കവി പറഞ്ഞുറപ്പിക്കുന്നു .മഴയെന്നു കേട്ടാൽ കുട നിവർത്തുന്ന ഒരു കൂട്ടുകാരന്റെ മുൻ ധാരണയെ അവൾ ചിരിച്ചു തള്ളുമോ എന്ന ആകാംക്ഷ കവിക്കുണ്ട് .പിന്നീട് ജീവിതത്തിൽ

നടുങ്ങിത്തെറിക്കുന്ന സന്ദർഭങ്ങളിലെല്ലാം മഴയവൾക്കു വഴി കാണിച്ചു കൊടുക്കുന്നു .തന്റെ അമരലിൽ മുഖം ചേർത്ത് താണു നിലം പറ്റിയ വേദനയോടെ ,അപകർഷതാ ബോധത്തിൽ ചിങ്ങത്തിലെ മഴ പോലെ, മഴപ്പെണ്ണ് പിറു പിറക്കുമ്പോൾ .പെയ്യാത്ത കാലത്തിലെ വിണ്ടു കീറലിൽ നിന്നും മഴ അവളെ തിരുത്തും .ഒന്നുകിൽ തന്നത്തനെ തിരുത്തുന്നതാവാം .സ്വയം ബോധ്യപ്പെടാൻ ചിലപ്പോൾ വർഷങ്ങളെടുക്കുമല്ലോ .അല്ലെങ്കിൽ മഴ മഴ കാണുകയാവാം !വല്ലാത്തൊരു ശുഭാപ്തി വിശ്വാസത്തിന്റെ പേരാണ് തന്റേതെന്ന് എല്ലാവരുടെയും മഴ അവളെ തിരുത്തിയതുമാകാം .

'തളിരായും
ഇലയായും
പൂവായും
മണമായും
മാറുന്നതിന്റെ പേര്
എന്നവളുടെ കാതിൽ മന്ത്രിക്കും .

മഴയെന്നാൽ പ്രണയമാണല്ലോ .ഈ മഴ അവളുടെ കാമുകനാവാം .ജീവിതത്തിലെ തനിച്ചിരിപ്പിൽ നിന്നും അവൾ മുക്തയായതാവാം . ●

# അന്ന് പെയ്ത മഴ..



മോഹൻ പുതുരുത്തി



കഥ

**വി**രൽ വച്ചാൽ മുറിയുന്ന മഴ . നാലഞ്ചു ദിവസമായി തുടങ്ങിയിട്ട് അതിന്റെ കുളിരൊന്നും എന്റെ ശരീരത്തെ തണുപ്പിക്കാനായില്ല ഉള്ള് വേവുന്ന ചൂടിന്റെ ഒരുതരം പുകച്ചിലായിരുന്നു.

പണിതീരാത്ത ചെറിയ വീടിന്റെ തിണ്ണയുടെ വടക്കേ അറ്റത്തിരിക്കുന്ന എന്റെ മനസ്സിൽ ചിന്തകളുടെ വേലിയേറ്റമായിരുന്നു.

ഈ മഴ ഇപ്പോഴൊന്നും തോരുന്ന ലക്ഷണമില്ല.. ഇങ്ങനെ പോയാൽ പട്ടിണി പടി കടന്ന് വരുമല്ലോ?

അച്ഛനും അമ്മയും, ഭാര്യയും,രണ്ട് കുട്ടികളും അടങ്ങുന്ന ചെറിയ കുടുംബമാണ്. ദിവസ കൂലി വരുമാനകാരനായ തന്റെ വരുമാനം നിത്യ ചിലവുകൾക്കും പ്രായമായ മാതാപിതാക്കളുടെ മരുന്നിനും, പിന്നെ കുട്ടികളുടെ പഠിപ്പിനും... മിച്ചമായി ഒന്നും ഉണ്ടാവാറില്ല എന്നാലും.. ഒരു കരുതലെന്നോണം കുറച്ച് നാണയങ്ങൾ മാറ്റിവെച്ചിരുന്നു അതും ആഴ്ച ചിട്ടി പോലെ..

താനും സ്വപ്നങ്ങൾ കാണുമായിരുന്നു.വീടിന്റെ ലോൺ മുഴുവനും അടച്ച് തീർക്കണം വീടിന്റെ പണികളെല്ലാം പൂർത്തീകരിക്കണം കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കണം .അല്ലലില്ലാതെ കഴിയേണം..മാതാപിതാക്കളുടെ കാര്യങ്ങളെല്ലാം ഭംഗിയായി നോക്കണം..

പണിയാണേൽ കുറഞ്ഞ് കുറഞ്ഞ് വരികയാണ്. ആ മോഹമെല്ലാം ആരും കാണാതെ മനസ്സിലൊരു പെട്ടിയിൽ അടച്ചു വെച്ചിരിക്കുന്നു എന്നെങ്കിലുമൊരിക്കൽ പുറത്തിറക്കാം എന്ന് കരുതി..

തന്റെ ഉള്ള വരുമാനത്തിൽ ഒതുങ്ങി എല്ലാം സഹിച്ചും പരസ്പരം സ്നേഹിച്ചും കൂടെ നിൽക്കുന്ന ഭാര്യയാണ് തന്റെ ജീവന്റെ ഊർജ്ജം അത് തന്നെയാണൊരു സമാധാനവും..

ചിന്തകൾ തോരാതെ പെയ്യുന്ന മഴ പോലെ വരുന്നു ..

അപ്പോഴാണ് അകത്തുനിന്നും പറയുന്നത് കേട്ടത്

അപ്പുറത്തെ ചേച്ചി തന്ന അരി വൈകുന്നേരത്തിനും കൂടി ഉള്ളൂ നിങ്ങളാ പീടികക്കാരനോട് ഒന്ന് ചോദിക്ക് ?

അയാൾ ആത്മഗതം പോലെ പറഞ്ഞു

എത്ര ഉള്ളവനും ഇല്ലാത്തവനും വിശപ്പ് ഒരുപോലെയാണ്..

എന്തൊക്കെ മാറ്റി വെച്ചാലും വിശപ്പ് മാറ്റിവെക്കാൻ ആവില്ലല്ലോ

കുട്ടികളെ കൂടി ഓർത്തപ്പോൾ...

ഇറാലിയിൽ തിരുകിവെച്ച കുടയെടുത്ത് സഞ്ചിയും തൂക്കി മുറ്റത്തേക്കിറങ്ങി ആ മഴയെ വകവെക്കാതെ...

പീടികതിണ്ണയുടെ അരികിൽ നിൽക്കുമ്പോൾ... സൈക്കിളിൽ വരുന്നയാളെ കണ്ട് ഒന്ന് പരുങ്ങി. ഈയാഴ്ചത്തെ കുറി പണം കൊടുത്തിട്ടില്ല

പക്ഷെ...

അങ്ങേരുടെ മുഖത്ത് കണ്ട വ്യത്യാസം എനിക്കൊരു ആശ്വാസം പകർന്നു അടുത്ത് വന്നയാൾ പറഞ്ഞു

ഈയാഴ്ച്ചത്തെ നറുക്കെടുപ്പിലെ കുറി പണം നിനക്കാണ്

അതുവരെ പെയ്ത മഴയുടെ തണുപ്പ് അപ്പോഴാണ് ഞാനറിഞ്ഞത്

എത്ര ഇല്ലായ്മയിലും ഒരു പത്ത് രൂപ മാറ്റിവെച്ചാൽ ഉണ്ടാകുന്ന ഗുണമോർത്തപ്പോൾ...

ആ കാലവർഷത്തിന്റെ മഴ തന്നിൽ പെയ്ത് തോരുകയായിരുന്നു. ●

# ഭയം



ഡോ സുനീത് മാത്യു

കഥ



**കോ**രിച്ചൊരിയുന്ന മഴ, തനിക്കെന്നും ആഘോഷമായിരുന്നു. എത്ര വഴക്കു കേട്ടാലും മഴയിൽ നനയുക എന്നത് കുട്ടിക്കാലം മുതലുള്ള വിനോദവുമായിരുന്നു. പനി പിടിക്കുമെന്ന ഭയപ്പെടുത്തൽ വീട്ടിൽ എന്നും പതിവായിരുന്നു. എന്നാൽ തനിയ്ക്കിന്നുവരെ മഴ നനഞ്ഞു പനി വന്നിട്ടുമില്ല.

പനി വരുന്നതും ഒരു സന്തോഷമായിരുന്നു. സ്കൂളിൽ പഠിക്കുന്ന കാലത്ത് പലപ്പോഴും കൊതിച്ചിട്ടുണ്ട് ഒരു പനി വന്നിരുന്നുവെങ്കിലെന്ന്. മഴ നനഞ്ഞു ശീലിച്ചതിനാലാകാം തനിയ്ക്ക് പനി വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം മാത്രമേ വരാറുണ്ടായിരുന്നുള്ളൂ. ക്ളാസിൽ അടുത്തിരുന്ന ആര്യയാകട്ടെ മാസത്തിൽ രണ്ടും മൂന്നും തവണ പനിയുടെ പേരിൽ അവധിയെടുക്കാറുണ്ടായിരുന്നു.

സ്കൂളിൽ പോകാതിരിക്കുന്നത് മാത്രമായിരുന്നില്ല പനിയുടെ പുറകിലെ സന്തോഷത്തിന് ഹേതു. രാവിലെ ഉണരണ്ട, മടിപിടിച്ച് മൂടിപ്പുതച്ചു കിടക്കാം. ഇടയ്ക്കിടെ അമ്മയോ അച്ഛനോ അടുത്തുവന്നിരിക്കും. ആ ദിവസങ്ങളിൽ അവർ തരുന്ന പരിഗണന, അച്ചാറും പപ്പടവും മാത്രം കൂട്ടിയുള്ള കഞ്ഞി, ഇതെല്ലാം താൻ ആസ്വദിക്കുന്നുണ്ടായിരുന്നു. പനിയോടൊത്തുള്ള നേരിയ ശരീര വേദന പോലും ഒരു സുഖമായിരുന്നു.

എന്നാൽ ഇന്നാദ്യമായി താൻ മഴയെ ഭയക്കുന്നുവെന്ന് അനീറ്റ ചിന്തിച്ചു. അപ്രതീക്ഷിതമെന്ന് പറയുവാനാകില്ലെങ്കിലും വിചാരിച്ചതിനേക്കാൾ തീവ്രമായിരുന്നു ഇന്നീ മഴ. മിന്നൽപ്പിണരുകൾ കണ്ണുകളിലേക്കു തന്നെ തുളച്ചു കയറുന്നതുപോലെ അവൾക്കു തോന്നി. വഴിയാകെ വിജനം. മണി ആറു കഴിഞ്ഞതേയുള്ളൂ. രാത്രി പന്ത്രണ്ടുമണിയുടെ അവസ്ഥയാണ്. മരക്കൊമ്പുകൾ ഒടിഞ്ഞു തന്റെ മുന്നിൽത്തന്നെ വീഴുന്നു. കുത്തിപ്പെയ്യുന്ന മഴയിൽ ഒന്നും കാണുവാൻ കഴിയുന്നില്ല.

കുടയുണ്ടായിരുന്നത് നേരേ മുകളിലേക്ക് മടങ്ങി ജലസംഭരണിയായതുകൊണ്ട് അത് മടക്കി കയ്യിൽത്തന്നെ പിടിച്ചു. അത് ചൂടിയതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനമൊ

ന്നുമില്ല. വീടെത്തണമെങ്കിൽ ഇനി ഒരു അരമണിക്കൂർ കൂടി ഈ വഴിയിലൂടെ നടക്കേണ്ടതുണ്ട്. ബസ്സിറങ്ങുമ്പോൾ കവലയിൽ ഓട്ടോറിക്ഷകളൊന്നും ഉണ്ടായിരുന്നില്ല.

തനിക്കു ഭയമുണ്ടായിരുന്നത് അപരിചിതരെയായിരുന്നു. അവരോടു എന്തെന്നില്ലാത്ത ഭയം ചെറുപ്പം മുതലേയുണ്ടായിരുന്നു. ചില ആളുകളോടും ഭയമായിരുന്നു. ഭക്ഷണം കഴിപ്പിക്കുവാനും, അനുസരിപ്പിക്കുവാനും 'അമ്മ കണ്ടെത്തിയ ഒരു വഴിയായിരുന്നു, കുട്ടിയായ തന്നെ ആരെങ്കിലും തട്ടിക്കൊണ്ടു പോകും, കണ്ണ് കുത്തിപ്പൊട്ടിച്ച് ഭിക്ഷക്കിരുത്തും തുടങ്ങിയ ഭയപ്പെടുത്തലുകൾ.

അന്നതെല്ലാം തനിക്ക് പേടിയായിരുന്നു. ആ പേടിയായിരിക്കാം തന്നോടൊപ്പം വളർന്ന്, അപരിചിതരോട് ഇത്രയധികം ഭയം രൂപപ്പെടുവാനുണ്ടായ കാരണം. എന്നാൽ ഇന്നാദ്യമായി താൻ ഒരു മനുഷ്യനെ ആഗ്രഹിക്കുന്നു. അപരിചിതരായാൽ പോലും ഒരു മനുഷ്യസാന്നിധ്യം ഒരു ധൈര്യം തന്നേനെ എന്ന് തോന്നിപ്പോകുന്നു.

കോളേജ് ഹോസ്റ്റലിൽ നിന്നും പുറപ്പെടുമ്പോൾ കവിത സൂചിപ്പിച്ചതായിരുന്നു മഴയുണ്ടാകുമെന്ന്. മഴയെ എന്നും സ്നേഹിച്ചിരുന്ന താൻ അപ്പോൾ അതിനു അത്ര വിലകൽപ്പിച്ചില്ല. മഴ നനഞ്ഞു വീട്ടിലെത്തണമെന്ന ചിന്തയായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ എല്ലാം തകിടം മറിഞ്ഞിരിക്കുന്നു. ഇതുപോലൊരു മഴ താൻ ഇതുവരെ കണ്ടിട്ടില്ല.

മനുഷ്യരോ പോകട്ടെ ഒരു നായയുടെ ശബ്ദം പോലും കേൾക്കാനില്ല. പണ്ടൊക്കെ ഈ വഴി നടക്കുമ്പോൾ ഭയന്നിരുന്നത് നായകളെയായിരുന്നു. എന്നാൽ കുറേക്കാലമായി ആ ഭയം ഇല്ലാതായിരിക്കുന്നു. പരിചയം ഉള്ളതുകൊണ്ടാകാം, നായകളൊന്നും തന്നെ ഭയപ്പെടുത്താറില്ല. ഭയം എന്നത് ഒരിക്കൽ ഇല്ലാതായാൽ പിന്നീട് ഉണ്ടാകുകയില്ല എന്ന് എവിടെയോ വായിച്ചിട്ടുണ്ട്. ഭയത്തെ അംഗീകരിക്കുവാൻ കഴിയാത്തതാണത്രേ ഭയം വർദ്ധിക്കുവാനുള്ള കാരണം. ഓരോ ദിവസവും ഇത്തരത്തിൽ പുതിയ കണ്ടുപിടുത്തങ്ങളുണ്ടാകുന്നു. അടുത്ത ദിവസങ്ങളിൽ തിരുത്തിപ്പറയുന്നു. എന്നാൽ ഒരു കാര്യം താൻ ശ്രദ്ധിച്ചിട്ടുണ്ട്, തനിക്കിപ്പോൾ കുറച്ചു കാലങ്ങളായി നായകളോട് ഭയം തോന്നുന്നില്ല.

ചിന്തകളെ ബോധപൂർവം മേയാൻ വിടുന്നത് തന്നെയാണ്. തന്റെ ഭയം അങ്ങനെ കുറയുമെങ്കിൽ കുറയട്ടെ എന്ന ചിന്തയിൽ. എന്നാൽ ചിന്തകളെ ഞെട്ടിച്ചുകൊണ്ട് മഴയുടെ തീവ്രത കൂടുക മാത്രമാണ് ചെയ്യുന്നത്. എങ്ങനെയെങ്കിലും വീടണയണമെന്നണ് ആഗ്രഹത്തിൽ മുന്നോട്ടു നടക്കുമ്പോഴാണ്, പുറകിൽ നിന്നും ആരോ ഓടിവരുന്ന ശബ്ദം കേൾക്കുന്നത് പോലെ തോന്നിയത്. അച്ഛനെങ്ങാനും തന്നെത്തേടി വന്നതായിരിക്കുമോ? തിരിഞ്ഞുനോക്കിയിട്ടും ആളെ പെട്ടെന്ന് മനസ്സിലാകുന്നില്ല. മഴക്കോട്ടു ധരിച്ച ഒരു രൂപം. എന്തായാലും അച്ഛനല്ല.

മഴയില്ലായിരുന്നുവെങ്കിൽ തനിക്ക് ഈ സാഹചര്യത്തിൽ ബോധക്ഷയം സംഭവിച്ചിരിക്കും. ആൾ രൂപം തന്റെ തൊട്ടടുത്തെത്തിയിരിക്കുന്നു. തനിക്കെന്താണ് സംഭവിക്കുന്നത്? താനെന്താണ് ബോധരഹിതയാകാത്തത്? അയാൾ തന്റെ കൈകളിൽ കടന്നു പിടിച്ചു കഴിഞ്ഞു. എന്നിട്ടു തന്നോടൊരു ചോദ്യം. ' അനിക്കുട്ടി ഭയന്നു പോയിരുന്നോ? അനിക്കുട്ടി ബസ് ഇറങ്ങി പോകുന്നത് ഞാൻ കണ്ടിരുന്നു'. ഇപ്പോഴാണ് അനീറ്റയ്ക്ക് ആളെ മനസ്സിലായത്. തന്റെ വീടിനടുത്തുള്ളയാളാണ്. ഒന്നുരണ്ട് അടിപിടിക്കേസുകളിൽ പ്രതിയായിരുന്നു എന്ന് കേട്ടിട്ടുണ്ട്. തനിക്കിയാളോട് സംസാരിക്കുവാൻ ഭയമായിരുന്നു.

തന്റെ മറുപടി അയാൾ ആഗ്രഹിക്കുന്നെണ്ടെന്നു പോലും തോന്നിയില്ല. ഒരു കൊച്ചു കുട്ടിയോടെന്ന പോലെയാണ് അയാൾ തന്നോട് പെരുമാറുന്നത്. 'മഴയത്ത് അനിക്കുട്ടി ഭയപ്പെടുമെന്ന് കരുതിയാണ് ഞാൻ ഓടിവന്നത്' മറുപടി പ്രതീക്ഷിക്കാതെ തന്നെയാണ് അയാൾ തന്നോട് സംസാരിക്കുന്നത്. തന്റെ ഭയമെല്ലാം അലിഞ്ഞിലാതാവുന്നുവോ? അയാളുടെ കൈകളിൽ നിന്നും കൈയെടുക്കുവാനെ തോന്നുന്നില്ല. മഴയിലും അയാളുടെ കൈകൾ ചൂട് പകരുന്നുണ്ടോ? വീടെത്തും വരെ അയാൾ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. അതൊന്നും തന്റെ കാതിൽ പതിയുന്നുണ്ടായിരുന്നില്ല.

വീടിന്റെ പടിവാതിലിൽ എത്തിയ അനീറ്റ ജീവിതത്തിൽ ആദ്യമായി അയാളോട് സംസാരിച്ചു. 'നന്ദി'. ഒരു മന്ദസ്മിതം മാത്രമായിരുന്നു അതിനയാളുടെ മറുപടി. ●

കഥ

# സ്വപ്നം



അച്ചു ഹെലൻ

മച്ചിനു മേലെ വീണു കലമ്പുന്ന മഴയുടെ ശബ്ദം പോലെ മനസ്സും കലുഷിതമാണ് മകളും മരുമകനും പേരക്കുട്ടികളും ഒരു പക്ഷേ ആഗ്രഹിക്കുന്നത് അമ്മ ഒന്നു മിണ്ടിയെങ്കിൽ എന്നാകും...!

കാൻസർ കാർന്നുതിന്നു ചവച്ചു തുപ്പിയ ഈ ശരീരത്തെ മരണത്തിനു പോലും വേണ്ടാതായോ...

അമ്മ ഒന്നും അറിയിച്ചിരുന്നില്ല മകളുടെ കരച്ചിൽ മുട്ടിയവാക്കുകൾ...

മനസ്സിടറുന്നു..

കരയരുത് എന്ന് പറയണമെന്നു തോന്നിയെങ്കിലു കണ്ണു തുറന്നില്ല..

ഉമ്മറത്ത് കേൾക്കുന്ന ശബ്ദങ്ങൾക്കു കാതോർത്തു..

അല്ലഅതവനല്ല അവൻ ഇനിയും വന്നില്ല ...

പ്രതീക്ഷ ആഗ്രഹം അതെങ്ങനെ പറയും ഭർത്താവിന്റെ മുഖത്ത് നോക്കിയത് ഈ അവസാന നിമിഷമെങ്കിലും പറയാൻ ആവുന്നില്ല.. അദ്ദേഹത്തിനറിയാമായിരിക്കും എന്റെ മനസ്സിലെ ന്താണെന്ന് കണ്ണുതുറക്കാതെ മിണ്ടാതെ വാശി പിടിച്ചു കിടക്കുന്നത് എന്തിനാണെന്ന്..

പക്ഷെ അറുപതിനോടടുത്ത മരിക്കാൻ കിടക്കുന്ന എനിക്കുമെതിരെ സദാചാര ചിന്തകർ അലറിയടുക്കാമെന്നു ഭയന്നാകാം.. ഒന്നിച്ചു ജീവിച്ചെങ്കിലും ഒരു വീട്ടിലെ അന്യരായ ഞങ്ങൾ കാരണം അവനാണ്

എനിക്കും അവനും ഇടയിലെ മാന്ത്രിക ബന്ധത്തിന്റെ ചരടറുക്കാൻ അവന്റെ ഭാര്യക്കോ മക്കൾക്കോ പോലും ഇന്നും കഴിഞ്ഞിട്ടില്ല..



നഷ്ടമായതും നഷ്ടപ്പെടുത്തിയതും ഞങ്ങൾ ആയിരുന്നുഅവർക്ക് വേണ്ടി..

സമൂഹത്തിനു മുന്നിലെ അവരുടെ മൂല്യത്തിനു വേണ്ടി വാശി പിടിച്ചു നേടാമായിരുന്നു അവനെ വേണ്ടാന്നുള്ള തീരുമാനം ബന്ധത്തിനു ശക്തി നൽകിയതേയുള്ളൂ എന്നും..

ഇനിയെങ്കിലും അവൾക്കാശ്വസിക്കാം അവരുടെ ലോകത്ത് നിന്നും എനിക്കിനി എണ്ണപ്പെട്ട സമയം മാത്രമല്ലേ...

എനിക്കു ഭയമില്ല മരിക്കാൻ പക്ഷെ ഒന്നു നിന്നെ കാണാതെ.. തൊടാതെ എങ്ങനെ ഞാൻ മരിക്കും? അടച്ചു വെച്ച കണ്ണിൽ നിന്നും പൊഴിഞ്ഞ കണ്ണീർ മകൾ തുടച്ചുതരുന്നു..

അമ്മേ..

അവളും വിതുമ്പുന്നു..

ന്താ മ്മേ..ന്താ.. പറ..

അമ്മക്ക് വേദന കൊണ്ടാകും..

നീ അമ്മയെ കൂടുതൽ കരയിക്കാതെ.. മരുമകന്റെ ശാസനം...

അവളുടെ തേങ്ങൽ അകന്നുപോയി

മരിക്കും മുമ്പേ മരണവീടുപോലെ എന്റെ വീട്.. എല്ലാവരും ഉണ്ട്...

എല്ലാവരേയും കണ്ടു കഴിഞ്ഞു... എനിയെങ്കിലും ...

പുറത്തെ മഴ ശക്തമായി..

ദിവസമോ സമയമോ ഒന്നും അറിയുന്നില്ല...

പൊടുന്നനേ മണങ്ങളെ എന്നേ മറന്ന മൂക്കിൽ ആ ഗന്ധം അതേ..

ഞാൻ മൂക്കുവിടർത്തി...

കാലമെത്ര കടന്നാലും എങ്ങനെ മറക്കും.? എന്റെ കണ്ണുങ്ങൾ വിടർന്നു മുന്നിലതാ ന്റ ഗന്ധർവ്വൻ'...

ഞാൻ കൈ നീട്ടി...

ശോഷിച്ച എന്റെ കൈതലം അവൻ പിടിച്ചു... ആ സ്പർശനമെന്നെ യുവതിയാക്കി... പ്രണയിനിയാക്കി..

എനിക്കറിയാം നിനക്ക് വരാതിരിക്കാനാവില്ല... ആരൊക്കെ തടഞ്ഞാലും...

എന്തൊക്കെ പറഞ്ഞാലും

നിനക്ക് വന്നേ പറ്റൂ..

എന്റെ ശരീരം അവൻ നെഞ്ചോട് ചാരിക്കിടത്തി...

നെറുകയിൽ ചുംബിച്ചു...

ദീർഘമായി...

ഞാൻ ചിരിച്ചു...

കുണുങ്ങി..

കുട്ടിയെ പോലെ..

ആ നെഞ്ചിൽ ചാരിക്കിടന്നു ഞാനുറങ്ങി.. എന്നേക്കുമായി....

ദീർഘമായി...

ചിരിച്ചുകൊണ്ടുറങ്ങിയ എന്നെ നോക്കിയപ്പോൾ മകൾ മാത്രം അലറിക്കരയുന്നു. പുറത്തപ്പോഴും എന്തോ ഓർത്തു മഴ കുണുങ്ങി പെയ്യുന്നുണ്ടാരുന്നു.

●




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച



**Andriya mary**
1 std, St. marys school, Ayyambarambu





**Joshwin N.J.**, 1 C
St. Marys CBPS School kottekkadu




**ആഷ്മിക ബിജു**
S T D - 5, St. ജോസഫ് സ്കൂൾ, ചെറുകാട്ടൂർ, വയനാട്




**Emerin rose N.J.**, 4 C,
St. Marys CBPS School kottekkadu



**കതിർ കെ ദേവ്**
7th std. ഗവ. യു.പി.എസ് നടുമ്പ്രക്കാട്, ചേർത്തല



**സൻവിത സജു**
2 pearl, TKGEMHS Thevalakkara





Sivada.K.V.,
Class.4-B
G.U.P.S Varadiyam

കവിത

# നല്ല ടീച്ചർ

നല്ല നല്ല ടീച്ചറെ
ഷിബി ടീച്ചറെ
പുസ്തകം എടുത്തിട്ട്
ബോർഡിൽ എഴുതി
പഠിപ്പിക്കണ ടീച്ചറെ
നല്ല നല്ല പാപ്പു തരണ ടീച്ചറെ
നല്ല സന്തോഷായി ടീച്ചറെ.

**ദിവിക് വർമ്മ CK**
1 A
ANMMUPS തളി

കവിത

# അമ്മ

അമ്മ എനിക്കായ് എന്നുമുണ്ട്
അമ്മ പൂ മൊട്ടിൽ വിരിഞ്ഞ പൂവാണ് ഞാൻ
അമ്മ ലോകത്തിന് ചുറ്റും
പാറുന്ന കുഞ്ഞു പൂമ്പാറ്റയാണ് ഞാൻ
അമ്മയെ പോലെ വളരേണം
അമ്മ സരസ്വതിയാണ്
അമ്മ ദൈവമാണ്

ആരാധ്യ വർമ്മ സി.കെ
5 B
ANMMUPS തളി*

# വായന ദിനവും

വായിച്ച് വായിച്ച് വായിച്ച്
അക്ഷരം ചങ്ങാതിയാവണം
ചിന്തിച്ച് ചിന്തിച്ച് ചിന്തിച്ച്
അറിവെല്ലാം നന്മയായ് തീരണം.

**ഭദ്ര എസ്..**
**6. B**
**ജി.യു.പി.എസ് വരടിയം.**

കവിത.

# അമ്മ

അമ്മതൻ ചുണ്ടിലൂറും
ചിരി ഓർക്കാൻ

പൊൻ താരകങ്ങൾ
സ്വര ദീപവുമായ് വന്നു

നിൻ സ്നേഹമാം
ചുണ്ടിലൊരു ഉമ്മ നൽകീടാം

സ്വപ്നങ്ങളിൽ ഓർക്കുന്നു
ഞാൻ എൻ മിഴികളിൽ

എൻ വരിയിൽ ഞാൻ
എഴുതുന്നു നിന്നെ കുറിച്ച്

പെയ്തു തോർന്നൊരു
മഴയായ് ഞാൻ
പാറി നടക്കുന്നു

വള്ളി മുൾ ചെടികൾ
തളിർക്കുന്നു എൻ
മനം കുളിരുന്നു

**ദേവനന്ദ**
Std 8 B.
ഗവണ്മെന്റ് ബോയ്സ് ഹയർ സെക്കന്ററി
സ്കൂൾ അടൂർ.

കവിത.

# അക്ഷരമാല

പിറന്ന മണ്ണിൻ മണ മൊന്നറിയണം
മണ്ണിൻ പാഠങ്ങൾ ചൊല്ലി പഠിക്കണം
പുസ്തകത്താളിൽ നിറഞ്ഞൊരീ
പ്രകൃതിയെ ഹൃദയത്തോടങ്ങ്
ചേർത്തീടണം...

വേരറ്റുപോയൊരു പുസ്തകജ്ഞാനം
നെയ്തെടുത്തൊരു അക്ഷരമാല തൻ
അണിയറയിൽ വിധിയെഴുതിയ തൂലിക
ഇന്നും വാക്കുകൾ പരതി തലോടുന്നു
നയനങ്ങളിൽ
വായന എഴുത്തിലേക്ക് എന്നപോൽ
എഴുത്ത് വായനയിലേക്ക്
നയിക്കുന്നുവോ...

വായനയെ പ്രണയിക്കണം
പുസ്തകപുഴുക്കളാവണം.
അറിവിന്റെ ലോകം കീഴടക്കുവാൻ
പുസ്തകത്താളിൽ തലകുനിക്കുക.
കണ്ണുകൾ തുറന്നു സ്വപ്നങ്ങൾ
കാണുക
ഓരോ താളിലും വിസ്മയം
നിറയ്ക്കണം
ഒരൊറ്റ പുസ്തകമായി നന്മകൾ
ചൊരിയണം....

ഹരിനന്ദൻ വി.റ്റി
മേരികുളം*
Std.8D
ST.Marys HS Marikulam

കവിത.

# നോവ്

മരം കെഞ്ചുന്നു.....
എന്നെ വെട്ടല്ലേ.....
പൂവ് കരയുന്നു.....
എന്നെ പറിക്കല്ലേ.....
വെള്ളം കവിയുന്നു.....
എന്നെ മലിനമാക്കല്ലേ.....
ഭൂമി വിറക്കുന്നു.....
എന്നെ നശിപ്പിക്കല്ലേ....
ഞാൻ ചോദിക്കുന്നു.....
പ്രകൃതിസ്നേഹം അറിയില്ലേ.....
ഞാൻ പറയുന്നു.....
എന്റെ വാക്ക് മറക്കല്ലേ.....

Sahadiyya K.T
Class .6
Fathimabi memorial
High secondary school
koombara